"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

AUGUST 2018
Vol. LXVIII No. 8

# CONTENTS


സർക്കുലർ - 241 വെള്ളപ്പൊക്ക ദുരിതാശ്വാസം .. 535

സർക്കുലർ - തടവറപ്രേഷിതദിനം .......................... 537

സർക്കുലർ - ജസ്റ്റീസ് സൺഡേ .............................. 545

കച്ചേരിക്കാര്യം ........................................................ 548

ബഹു. സിസ്റ്റേഴ്സിനായുള്ള ഏകദിനധ്യാനം ......... 550

അറിയിപ്പുകൾ ........................................................ 552

റംശാ ലിസ്റ്റ് ............................................................ 553

വാർത്തകൾ ............................................................ 554

ആദരാഞ്ജലികൾ .................................................... 594

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി......................... 600

എൻഗേജ്മെന്റ്സ് ...................................................... 605

സർക്കുലർ 241

# വെള്ളപ്പൊക്ക ദുരിതാശ്വാസം

പ്രിയ ബഹു. അച്ചന്മാരെ, സമർപ്പിതരെ, സ്നേഹമുള്ള സഹോദരീസഹോദരരെ,

ഇക്കഴിഞ്ഞ ആഴ്ചകളിൽ നമ്മുടെ നാട്ടിലുണ്ടായ പേമാരിയിലും വെള്ളപ്പൊക്കത്തിലുംപെട്ട് വലിയ നാശനഷ്ടങ്ങളും ദുരിതവും അനേകം കുടുംബങ്ങൾക്കും ആളുകൾക്കും ഉണ്ടായവിവരം നമ്മൾ നേരിട്ടുകണ്ടുംകേട്ടും സമ്പർക്കമാദ്ധ്യമങ്ങളിലൂടെയും മറ്റും മനസ്സിലാക്കിയതാണല്ലോ. താഴ്ന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ച് കുട്ടനാട്ടിലും പടിഞ്ഞാറൻ പ്രദേശങ്ങളിലും അനേകംപേർ ഭവനരഹിതരാകുകയും ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും അഭയം തേടുകയും ചെയ്തിരിക്കുകയായിരുന്നല്ലോ. താത്കാലികാശ്വാസമെന്നനിലയിൽ അത്യാവശ്യ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും നിത്യോപയോഗവസ്തുക്കളും ശുദ്ധജലവും മറ്റും ഭക്തസംഘടനകളുടെയും രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെയും കൂട്ടായ യത്നങ്ങളിലൂടെയും വിവിധ ഇടവകകളുടെ ആഭിമുഖ്യത്തിലും എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടനാട്ടിൽ വെള്ളപ്പൊക്കം മൂലമുണ്ടായ ദുരിതങ്ങൾ വിവരിക്കുവാനും ഒരുപക്ഷേ നമുക്കു ചിന്തിക്കുവാൻ പോലും കഴിയുന്നതിൽ അധികമാണ്. വെള്ളം ഇറങ്ങി തുടങ്ങിയതോടെ തകർന്ന കെട്ടിടങ്ങൾ വാസയോഗ്യമാക്കുവാനും പുനർ നിർമ്മിക്കുവാനും കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതിയിലാക്കുവാനും അതുപോലെതന്നെ രോഗപ്രതിരോധത്തിനും പകർച്ചവ്യാധി തുടങ്ങിയവയ്ക്കെതിരെ ചികിത്സാ സൗകര്യങ്ങൾക്കുമായും വളരെയേറെ സഹായങ്ങൾ വേണ്ടിയിരിക്കുന്നു.

കഷ്ടതയനുഭവിക്കുന്ന നമ്മുടെ സഹോദരരുടെ ഇല്ലായ്മയിലും ദുഃഖദുരിതങ്ങളിലും അവരെ സഹായിക്കുകതികച്ചും നമ്മുടെ മനുഷ്യത്വപരമായ കടമയും ഉത്തരവാദിത്വവുമാണല്ലോ ദൈവം കനിഞ്ഞു നൽകിയ താരതമ്യേന മെച്ചപ്പെട്ട അവസ്ഥയ്ക്കു നന്ദി പറഞ്ഞുകൊണ്ട് നമ്മാൽ കഴിയുന്നത്ര സഹായങ്ങൾ ദുർഭഗാവസ്ഥയിലിരിക്കുന്ന സഹോദരങ്ങൾക്ക് നൽകാം.

ഇതിലേയ്ക്കായി നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും മുൻകൂട്ടി അറിയിച്ചും (സാധിക്കുമെങ്കിൽ 29-07-2018 ഞായറാഴ്ച) അടുത്തുവരുന്ന ഞായറാഴ്ച അതായത് ആഗസ്റ്റ് മാസം 5-ാം തീയതി ഞായറാഴ്ച എല്ലാ കുർബാനമദ്ധ്യേയും സംഭാവനശേഖരണം നടത്തുവാനും എല്ലാ സ്ഥാപനങ്ങളിൽനിന്നും സാധിക്കുന്ന സംഭവാനകൾ നൽകുവാനും താൽപര്യപ്പെടുന്നു. സംഭാവനകൾ ആഗസ്റ്റ് മാസം 12-ാം തീയതിയ്ക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കുമല്ലോ.

ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന എല്ലാവർക്കുംവേണ്ടി നമ്മുടെ പ്രാർത്ഥനയും സഹായസഹകരണങ്ങളും സമർപ്പിക്കാം.

എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം, പാലാ
28.7.2018

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2018 ജൂലൈ 29-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

Ref:3115/K-5/KCBC/OL/DS
20.7.2018

## 2018 ആഗസ്റ്റ് 12 ഞായർ

# തടവറ പ്രേഷിതദിനം

കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറപ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസം 12-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിത ജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി. "നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടുത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകുന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്കപ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം, സംരക്ഷിക്കപ്പെടണം. അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയയിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡന മാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ഗ്രഥനത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർസംയോജനത്തിനുമുള്ള അവസരങ്ങൾ നല്കുന്ന തുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ ഈശോയുടെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് ഈശോ, പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു,

നിങ്ങൾ എന്നെ സന്ദർശിച്ചു'' (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു''(ഏശ.61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് ഈശോ തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഈശോയെ സുവിശേഷത്തിൽ നാം കാണുന്നു. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം, ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്''(ലൂക്ക 5: 31-32) എന്ന് ഈശോമിശിഹാ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല.

ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന് മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണം എന്തായിരിക്കണം? ഉത്തരം ഇതാണ് :സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണം.

ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെ സംബന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ (Gaudete et Exsultate No. 98) ക്രൈസ്തവ വിശുദ്ധി യിലേയ്ക്കുള്ള വളർച്ചയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്, "തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ,എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കുത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ അല്ലെങ്കിൽ പൊതുസ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ, എന്റേതിനോടു തുല്യമായ മഹത്വമുള്ള ഒരു മനുഷ്യ വ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു പ്രതിഛായയെ, ഈശോ മിശിഹായിൽ രക്ഷിക്കപ്പെട്ട ഒരു സഹോദരനെ അല്ലെങ്കിൽ

സഹോദരിയെ കണ്ട് എനിക്ക് വിശ്വാസത്തോടും പരസ്നേഹത്തോടും കൂടി പ്രത്യുത്തരിക്കാൻ സാധിച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവിക മഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരുണ്യമാണ് "സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം". തടവറയിൽ ആയിരിക്കുന്നവരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു കാണിക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റിത്തന്നെ അമിത താത്പര്യമുള്ളവരായാൽ മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. തടവറയിൽ കഴിയുന്നവർ നമുക്ക് അന്യരും വെറുക്കപ്പെട്ടവരും സമൂഹത്തിന്റെ മുഖ്യധാരകളിൽനിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു.

"യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദ രങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂ ടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കു ന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു.

കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണംവീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2500–ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 –ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽനിന്ന് 200–ൽപ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500–ൽപരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്രവളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ

കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായ എല്ലാ ചെലവുകളും യേശുസാഹോദര്യകൂട്ടായ്മയുടെ നേതൃത്വത്തിൽ വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽവകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000 -ത്തിൽപരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ

എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**

വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയത്തിൽ നിന്ന്.

---

NB : 2018 ആഗസ്റ്റ് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3113/K-5/KCBC/OL/DS
13.7.2018

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2018 ആഗസ്റ്റ് 19, ഞായർ

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദലിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരതകത്തോലിക്കാമെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതിഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യരാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950-ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദലിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിന് ഘടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്വപ്പെട്ടവർ കണ്ടില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാമെത്രാൻസമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭര

ണാധികാരികളുടെ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദലിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരതകത്തോലിക്കാ മെത്രാൻസമിതി 2016-ൽ പുറപ്പെടുവിച്ച ദലിത് ശക്തീകരണനയം ഭാരതത്തിലെ ദലിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദലിത് ശക്തീകരണനയപരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാമെത്രാൻ സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ദലിത് ക്രൈസ്തവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്ത് കത്തോലിക്കാസമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ സന്യാസ സമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തികസഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദലിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരിക്കുന്നു. ദലിത് ശക്തീകരണ ക്ഷേമപദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദലിത് ശക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്ക

ണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദലിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

N.B: 2018 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

# Transfer and Appointment

**(August 2018)**

| | Rev. Frs. | |
|---|---|---|
| 1. | Puthumana Joseph | Vicar, Pious Mount |
| 2. | Thadickaparampil Kuriakose | Vicar, Vimalagiri (Chakkikavu) |
| 3. | Kizhakkeparampil Michael | Senior Asst. Vicar, Ramapuram |
| 4. | Panthalanickal Mathew | Relieved, Director, Santhwana Institute of Counselling and Guidance, Kizhathadiyoor |
| 5. | Anithanam Kurian | Director, Santhwana Institute of Counselling and Guidance (additional), Kizhathadiyoor |
| 6. | Ammanathukunnel Joseph | Asst. Vicar. Vayala |
| 7. | Ennackappillil Mathew | Asst. Vicar, Mannarappara |
| 8. | Kadalikattil Mathew | Asst. Vicar, Thudanganad |
| 9. | Karikulam Joseph | Asst. Vicar, Paika |
| 10. | Maprakarott Sebastian | Asst. Vicar, Neeloor |
| 11. | Parekatt Emmanuel | Asst. Vicar, Bharananganam |
| 12. | Thannickapara Joseph | Asst. Vicar, Mannarappara |
| 13. | Eruppakattu Philip | Relieved, Vicar, Vimalagiri (Chakkikavu) & Pastoral Ministry, Diocese of Pesaro, Italy |

| | | |
|---|---|---|
| 14. | Muthirakalayil Joseph | Relieved, Asst. Vicar, Ramapuram & Pastoral ministry, Diocese of Pesaro, Italy. |
| 15. | Peedikamalayil Augustine | Relieved from Vicar, Pious Mount & Residence PVP, Vadavathoor (MTh Studies) |
| 16. | Vazhakkappara Joseph | Study, Library and Information Science (BLISc) SB College, Changanacherry |

**പാലാ രൂപതാ**

## പ്രസ്ബിറ്ററൽ കൗൺസിൽ സമ്മേളനം

**2018 സെപ്തംബർ 4 ചൊവ്വാഴ്ച**

**രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ**

**അൽഫോൻസിയൻ സ്പിരിച്ച്വാലിറ്റി സെന്റർ**

**ഭരണങ്ങാനം**

## രൂപതാ ഡിറക്ടറി 2018–2019

രൂപതാ ഡിറക്ടറി തയ്യാറായിരിക്കുന്നു. 225 രൂപാ നിരക്കിൽ രൂപതാകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

# ബഹു. സിസ്റ്റേഴ്സിനായുള്ള ഏകദിന ധ്യാനം

നമ്മുടെ രൂപതയിലെ മുഴുവൻ ബഹു. സിസ്റ്റേഴ്സിനെയും ഉൾപ്പെടുത്തി ഒരു ഏകദിന ധ്യാനം നടത്തുവാൻ ഉദ്ദേശിക്കുകയാണ്. തിരുവനന്തപുരം മലങ്കര അതിരൂപതാംഗമായ **ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ്** ധ്യാനം നയിക്കുന്നത്. ഓണ അവധിക്കാലത്ത്- **ഓഗസ്റ്റ് 29-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 4.30 വരെയാണ് ധ്യാനം.** മൂവായിരത്തോളം വരുന്ന നമ്മുടെ എല്ലാ ബഹു. സിസ്റ്റേഴ്സിനെയും പങ്കെടുപ്പിക്കുന്നതിനായി **അരുണാപുരം സെന്റ് തോമസ് കോളേജിന് അനുബന്ധമായുള്ള സ്പോർട്സ് കോപ്ലംക്സ്, ഇൻഡോർ സ്റ്റേഡിയത്തിലായിരിക്കും ധ്യാനം നടക്കുന്നത്.**

പരി. പിതാവ് ഫ്രാൻസീസ് മാർപ്പാപ്പായുടെ ഉത്ബോധനം നമ്മുടെ ഹൃദയങ്ങളിൽ ഏറ്റുവാങ്ങാം: "കൂടുതൽ ഉയരത്തിലേക്ക് നോക്കുക ദൈവത്താൽ സ്നേഹിക്കപ്പെടുക. വിമോചിതരാകാൻ നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിൽ ഭയപ്പെടരുത്... ജീവിതത്തിലെ മഹാദുരന്തം ഒരു വിശുദ്ധനാകാതിരിക്കുക മാത്രമാണ്" (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 34).

രൂപതയിൽ ബഹു. സിസ്റ്റേഴ്സിന്റെ ചുമതലയുള്ള പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെയും ജോസഫ് കൊല്ലംപറമ്പിലച്ചന്റെയും രൂപതയുടെ ഇവാഞ്ചലൈസേഷൻ പ്രോഗ്രാമിന്റെയും നേതൃത്വത്തിലായിരിക്കും ഈ ശുശ്രൂഷകൾ ക്രമീകരിക്കപ്പെടുന്നത്. എല്ലാ ബഹു. സിസ്റ്റേഴ്സിന്റെയും പരിശീലനത്തിലുള്ള അർത്ഥിനികളുടെയും ഭാഗഭാഗിത്വം ഉറപ്പാക്കുമല്ലോ.

1. കാപ്പിയും ഉച്ചഭക്ഷണവും ക്രമീകരിക്കുന്നതാണ്.
2. ഓരോ മഠത്തിൽനിന്നും വരുന്ന സിസ്റ്റേഴ്സിന്റെ എണ്ണം താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ഓഗസ്റ്റുമാസം 20-ാം തീയതിക്കു മുമ്പായി വിളിച്ചറിയിക്കേണ്ടതാണ്.

3. പങ്കെടുക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ എണ്ണം പ്രൊവിൻഷ്യൽ ഹൗസുള്ള മഠങ്ങൾ അവിടെയും, മറ്റുള്ളവർ രൂപതയുടെ ഇവാഞ്ചലൈസേഷൻ ഓഫീസിൽ നേരിട്ടും അറിയിക്കുക.

**വെരി റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ**
(Mob: **9447208192**)
**വെരി റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ**
(Mob: **9447146001**)
**റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
(Mob: **9447661326,** ഓഫീസ് - **8547336271**)

എല്ലാവരുടെയും സാന്നിധ്യം പ്രതീക്ഷിച്ചുകൊണ്ട്,
മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം, പാലാ
28.7.2018

## നാമകരണ നടപടികളുടെ ആരംഭം

വി.കുർബാനയുടെ ആരാധന സന്യാസിനി സമൂഹത്തിന്റെ (SABS) സഹസ്ഥാപകയും പ്രഥമ അംഗവുമായിരുന്ന **മദർ മേരി ഫ്രാൻസിസ്കാ ദ് ഷന്താളിന്റെ** നാമകരണ നടപടികൾ ആരംഭിക്കുന്നു. രൂപതാ നടപടികളുടെ ഔദ്യോഗിക ഉദ്ഘാടനം 2018 ഓഗസ്റ്റ് 4-ന് ഉച്ചകഴിഞ്ഞു 2 മണിക്ക് മദറിന്റെ മൃതദേഹം സംസ്കരിച്ചിരിക്കുന്ന അതിരമ്പുഴയിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നതാണ്.

- ചങ്ങനാശ്ശേരി അതിരൂപത

# അറിയിപ്പുകൾ

## ഇടവക സഹായഫണ്ട്

നമ്മുടെ രൂപതയിലെ ഇടവവക സഹായഫണ്ടിൽനിന്നു സഹായം പ്രതീക്ഷിക്കുന്ന ഇടവകകൾ ആഗസ്റ്റ് 20-ാം തീയതിക്കകം കൺവീനർ എൻ.സി.എഫ്. കമ്മറ്റി ബിഷപ്പ്സ് ഹൗസ് പാലാ - 686 575 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓഗസ്റ്റ് 12-ാം തീയതി തടവറ പ്രേഷിതദിനത്തോടനുബന്ധിച്ചും ഓഗസ്റ്റ് 26-ാം തീയതി ജസ്റ്റീസ് സൺഡേയോടനുബന്ധിച്ചും മുൻകൂട്ടി അറിയിച്ച് ആ ദിവസങ്ങളിൽ വി. കുർബാന മദ്ധ്യേ പ്രത്യേക പിരിവ് എടുക്കുകയും പിരിഞ്ഞുകിട്ടുന്ന തുക സെപ്തംബർ 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കുകയും ചെയ്യേണ്ടതാണ്.

# Convention for Priests

A One Day Convention for priests is arranged to be held at Mar Sleeva Malpanate at the Spirituality Centre, Manganam, on 7th August 2018. The theme of discussion is the Apostolic Exhortation of Pope Francis ***Gaudete et Exultate*** (Rejoice and be Glad), on “Universal Call to Holiness”. The convention is organized by the members of the Secular Institute of Apostolic Sodales. It will begin at 10.00 a.m. and come to a close at 4.00 p.m. All priests are cordially invited to participate. For more details, please contact: 9847824702; 0481 2578192.

**Malpan Mathew Vellanickal**

# List of Very/ Rev Fathers to observe Prayer Day and to Officiate Ramsa at Bharananganam

| | |
|---|---|
| Mannukuzhumbil George | August 7 |
| Mathilakath Mathew | August 8 |
| Mattam John | August 9 |
| Mecheril Joseph | August 10 |
| Meyickal Joseph | August 11 |
| Modiyil Scaria | August 12 |
| Moloparambil Scaria | August 13 |
| Moolayil Thomas | August 14 |
| Moolechalil George | August 16 |
| Moolechalil Thomas | August 17 |
| Mulanjanal Joseph | August 18 |
| Mundunadackal Mathew | August 19 |
| Muthuplackal Mathew | August 20 |
| Mylapparambil Joseph | August 21 |
| Nadackal George | August 22 |
| Naduviledam Paul | August 23 |
| Naduviekoot Ignatius | August 24 |
| Narikkatt Michael | August 25 |
| Narithookil Joseph | August 26 |
| Narithookil Kuriakose | August 27 |
| Narively Mathew | August 28 |
| Nellickal George | August 29 |
| Nellikunnucherivupurayidom George | August 30 |
| Njarakunnel George | August 31 |
| Njarakunnel Geoerge Varghese | September 1 |
| Olayathil Thomas | September 2 |
| Olickal Thomas | September 3 |
| Padickakuzhippil Sebastian | September 4 |
| Paikada Alexandar | September 5 |
| Palackattukunnel Mathew | September 6 |
| Palliparambil George | September 7 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. തീർത്ഥാടനകേന്ദ്രം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

കർദ്ദിനാൾ റെയ്നർ വോൾക്കിക്ക് - ജർമനി

ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം - ആർച്ചു ബിഷപ്പ് ചങ്ങനാശ്ശേരി അതിരൂപത.

മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ,

മാർ ജോസഫ് പള്ളിക്കാപറമ്പിൽ - പാലാ രൂപത

മാർ ടോണി നീലങ്കാവിൽ - തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ

ബിഷപ്പ് ജയിംസ് റാഫേൽ ആനാപറമ്പിൽ - ആലപ്പുഴ രൂപതാമെത്രാൻ

മാർ ജോൺ നെല്ലിക്കുന്നേൽ - ഇടുക്കി രൂപതാ മെത്രാൻ

മാർ ജോസഫ് പാംപ്ലാനി - തലശ്ശേരി അതിരൂപതാ സഹായമെത്രാൻ

മാർ റെമിജിയോസ് ഇഞ്ചനാനി - താമരശ്ശേരി രൂപതാമെത്രാൻ

ബിഷപ്പ് ആന്റണി മുല്ലശ്ശേരി - കൊല്ലം രൂപതാമെത്രാൻ

മാർ സെബാസ്റ്റ്യൻ വാണിയപ്പുര - കൂരിയ ബിഷപ്പ് കാക്കനാട്

ഡോ. ബാബു സെബാസ്റ്റ്യൻ - വൈസ് ചാൻസലർ എം.ജി. സർവ്വകലാശാല.

**2. തിരുനാൾ കർമ്മങ്ങൾ**

ജൂലൈ 19-ാം തീയതി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തിരുനാളിന് കൊടിയേറ്റി. തുടർന്ന് മാർ ജേക്കബ് മുരിക്കൻ തിരുനാൾ കുർബാന അർപ്പിച്ചു. തിരുനാൾദിനങ്ങളിൽ 11 മണിക്കുള്ള കുർബാനയ്ക്ക് വിവിധ രൂപതകളിലെ മെത്രാന്മാർ മുഖ്യകാർമ്മികത്വം വഹിച്ചു.

27-ാം തീയതി വൈകുന്നേരം 5 മണിക്ക് ഇടവക ദൈവാലയത്തിൽ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ വി. കുർബാന

അർപ്പിച്ചു. തുടർന്ന് ക്ലാരമഠം ചാപ്പലിലേയ്ക്ക് ജപമാല മെഴുകുതിരി പ്രദക്ഷിണവും ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ തിരുനാൾ സന്ദേശവും നൽകി. പ്രധാന തിരുനാൾ ദിനമായ 28-ാം തീയതി രാവിലെ 7.15 ന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ നേർച്ചയപ്പം വെഞ്ചിരിക്കുകയും തുടർന്ന് 7.30 ന് ഇടവക ദൈവാലയത്തിൽ വി.കുർബാന അർപ്പിക്കുകയും ചെയ്തു. 10 മണിക്ക് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തിരുനാൾ റാസ അർപ്പിച്ച് സന്ദേശം നൽകി. 12 മണിക്ക് ആഘോഷമായ തിരുനാൾ ജപമാല പ്രദക്ഷണം. ഉച്ചകഴിഞ്ഞ് 2.30 ന് വി. അൽഫോൻസാമ്മയുടെ ജന്മ ഇടവകയായ കുടമാളൂർ പള്ളിയുടെ വികാരി ഫാ. എബ്രാഹം വെട്ടുവയലിൽ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് 3.30, 4.30, 5.30 എന്നീ സമയങ്ങളിൽ യഥാക്രമം മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ ജോസഫ് മലേപറമ്പിൽ, മോൺ ജോസഫ് കുഴിഞ്ഞാലിൽ എന്നിവർ വി. കുർബാനയർപ്പിച്ചു.

**3. അൽഫോൻസാ തീർത്ഥാടനങ്ങൾ**

ഫ്രാൻസിസ്കൻ അൽമായ സഭ, ചെങ്ങളം ഇടവക, പൂഞ്ഞാർ ഇടവക എസ്.എം.വൈ.എം. പാലാ രൂപത എന്നിവയുടെ നേതൃത്വത്തിൽ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്ക് തീർത്ഥാടനപദയാത്രകൾ എത്തി.

**4. SMYM**

എസ്.എം.വൈ.എം. പാലാ രൂപത അൽഫോൻസിയൻ തീർത്ഥാടനവും സംഗമം. പാലാ രൂപത എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ രൂപതയ്ക്കുള്ളിൽ സേവനങ്ങൾ അനുഷ്ടിക്കുന്ന യുവസന്യസ്തരുടെ സംഗമവും അവരെ ആദരിക്കുന്ന ചടങ്ങും അൽഫോൻസിയൻ സ്പിരിചാലിറ്റി സെന്ററിൽ നടത്തി. 2018 യുവജനവർഷമായി മാർപാപ്പാ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആ ചടങ്ങിൽ മാർ ജേക്കബ് മുരിക്കൻ മുഖ്യസന്ദേശം നൽകി. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, റെക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. കുര്യൻ മറ്റത്തിൽ, ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, ഫാ. സിറിൾ തയ്യിൽ, ശ്രീ. ആൽവിൻ ഞായറുകുളം തുടങ്ങിയവർ ആശംസകളർപ്പിച്ചു.

**5. രാത്രി ആരാധന**

പാലാ രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ എല്ലാ മാസവും വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ നടത്തി വരുന്ന രാത്രി ആരാധന ഈ മാസം 21 ശനി നടത്തി. ഫാ. എബിൻ നീറുവേലിൽ വി.സി. വചനസന്ദേശം നൽകി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി.

**6. രോഗീവയോജനപ്രാർത്ഥന**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും നടത്തി വരുന്ന രോഗീദിന പ്രാർത്ഥനാകർമ്മങ്ങൾക്ക് ഫാ. മൈക്കിൾ ഔസേപ്പുപറമ്പിൽ കാർമ്മികത്വം വഹിച്ചു.

**7. വോളന്റിയേഴ്സ് മീറ്റിംഗ്**

തിരുനാളിനോടനുബന്ധിച്ച് വോളന്റിയേഴ്സിന്റെ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ മാർ ജോസഫ് കല്ലറങ്ങാട്ട് സന്ദേശം നൽകി.

**8. കർദ്ദിനാൾ റെയ്നർ വോൾക്കിക്കിന് സ്വീകരണം**

കോളോൺ രൂപതാ ആർച്ചു ബിഷപ്പ് കർദ്ദിനാൾ റെയ്നാർ വോൾക്കി വി. അൽഫോൻസാ കബറിടം സന്ദർശിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മോൺ ജോസഫ് കുഴിഞ്ഞാലിൽ, മോൺ അബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. മാത്യു ചന്ദ്രൻകുന്നേൽ തുടങ്ങിയവർ കർദ്ദിനാളിനെ സ്വീകരിച്ചു.

**8. തിരുനാളിനൊരുക്കമായി ഉദ്യോഗസ്ഥതല മീറ്റിംഗ്**

ശ്രീ.കെ.എം. മാണി എം.എൽ.എ വിളിച്ചുചേർത്ത ഉദ്യോഗസ്ഥതല സമ്മേളനത്തിൽ തിരുനാളിന്റെ ഒരുക്കങ്ങൾ വിലയിരുത്തി. എല്ലാവിധ സുരക്ഷിതത്വവും സൗകര്യങ്ങളും തീർത്ഥാടകർക്ക് ഏർപ്പെടുത്തണമെന്ന് എം.എൽ.എ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. പോലീസ്, എക്സൈസ്, ആർ.റ്റി.ഒ., ഫയർ & സേഫ്റ്റി, കെ.എസ്.ആർ.റ്റി.സി., വില്ലേജ്, പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.സി താലൂക്ക്, സപ്ലെ ഓഫീസ്, ഫുഡ് & സെയിഫ്റ്റി, ഹെൽത്ത് എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

**9. സ്വർഗ്ഗപുത്രി പ്രകാശനം ചെയ്തു**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം തയ്യാറാക്കിയ നൊവേന പ്രാർത്ഥനയും അൽഫോൻസിയൻ ഗാനങ്ങളുമടങ്ങിയ സ്വർഗ്ഗപുത്രി എന്ന കാസറ്റ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്തു.

---

# വിശ്വാസപരിശീലനകേന്ദ്രം

---

**1. മേഖലാരചനാ മത്സരം ഓഗസ്റ്റ് 26–ന്**

രൂപതാ രചനാമത്സരം നേരത്തെ നിശ്ചയിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി ഓഗസ്റ്റ് 26–ാം തീയതി ഉച്ചകഴിഞ്ഞ് 2–ന് ഭരണങ്ങാനം മാതൃഭവനിൽവച്ച് നടക്കും. സ്കൂളിലെ പരീക്ഷകൾ ഓണാവധിക്ക് ശേഷം നടക്കുന്നതിനാലാണ് രൂപതാ രചനാമത്സരം ഒരാഴ്ച നേരത്തെ നടത്തുന്നത്. എല്ലാ ഫൊറോന വിജയികളേയും രൂപതാ രചനാമത്സരത്തിൽ പങ്കെടുപ്പിക്കുക.

**2. പാലാ രൂപതാ കലോത്സവം**

ഈ വർഷത്തെ പാലാ രൂപതാ കലോത്സവത്തിനുള്ള ഒരുക്കങ്ങൾക്ക് സമയമായിരിക്കുന്നു. പാലാ സെന്റ് തോമസ് എച്ച്.എസ്.എസ്. ൽവച്ച് നടത്തപ്പെടുന്നു. മേഖലാ തലത്തിലും രൂപതാ തലത്തിലും ശരിയായ ഒരുക്കങ്ങൾ നടത്തിയാൽ മാത്രമെ കുറ്റമറ്റ രീതിയിൽ കലോത്സവം സംഘടിപ്പിക്കാൻ കഴിയുകയുള്ളൂ. ഇടവകതലമത്സരങ്ങൾ നടത്തി വിജയികളുടെ ലിസ്റ്റ് മേഖലാ സ്റ്റിയറിംഗ് കമ്മറ്റി തീരുമാനിക്കുന്ന തീയതിക്കുമുമ്പായ് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റായ www.ecatpala.com-ൽ ലഭ്യമാകുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് അതാത് ഫൊറോനാകളിലേക്ക് ഇ–മെയിൽ ചെയ്യേണ്ടതാണ്. ലഭിക്കുന്ന പ്രിന്റ് ഔട്ടിൽ ഹാജർ ശതമാനം രേഖപ്പെടുത്തി വികാരിയച്ചൻ ഒപ്പിട്ട് അതാത് മേഖലകളിൽ ഏല്പിക്കേണ്ടതാണ്.

**3. മേഖലാതല മത്സരം**

മേഖലാതല മത്സരത്തിന് ഫൊറോനാ വികാരിയച്ചൻ, സൺഡേസ്കൂൾ ഫൊറോനാ ഡയറക്ടർ, ഇടവക ഡയറക്ടറന്മാരുടെ രണ്ട് പ്രതിനിധികൾ, ഹെഡ്മാസ്റ്ററന്മാരുടെ മൂന്ന് പ്രതിനിധികൾ, മിഷൻലീഗ് മേഖലാ പ്രസിഡന്റ്, സെക്രട്ടറി എന്നിവരടങ്ങിയ ഒമ്പത് അംഗങ്ങളുള്ള സ്റ്റിയറിംഗ് കമ്മറ്റി നേതൃത്വം വഹിക്കണം. ഫൊറോനാ വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ മേഖലയിൽ ഉൾപ്പെടുന്ന സൺഡേസ്കൂൾ, മിഷൻലീഗ് ഡയറക്ടറന്മാർ, ഹെഡ്മാസ്റ്റർമാർ എന്നിവരുടെ സംയുക്ത സമ്മേളനത്തിൽ സ്റ്റിയറിംഗ് കമ്മറ്റി രൂപീകരിച്ച് മത്സരത്തിന്റെ തീയതി, സ്ഥലം, ചെലവുകൾ എന്നിവയെ സംബന്ധിച്ച് തീരുമാനിക്കേണ്ടതാണ്. മത്സരങ്ങളുടെ വിധികർത്താക്കൾ മേഖലയ്ക്കു പുറത്തുനിന്നുള്ളവർ ആയിരിക്കണം. അവർ മേഖലയുടെ പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും ആയിരിക്കരുത്. രചനാമത്സരത്തിന്റെ മൂല്യനിർണ്ണയം ഫൊറോനായ്ക്ക് പുറത്തുള്ളവർ നിർവ്വഹിക്കുന്നത് ഏറെ അഭികാമ്യമാണ്. ഇക്കാര്യം സ്റ്റിയറിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേഖലാ മത്സരത്തിൽ രൂപതാ കേന്ദ്രത്തിൽനിന്നും ചുമതലപ്പെടുത്തുന്ന ഒരു നിരീക്ഷകൻ ഉണ്ടായിരിക്കുന്നതാണ്. രൂപതാ നിബന്ധനകൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണോ മേഖലാമത്സരം നടക്കുന്നതെന്ന് നിരീക്ഷിച്ച് അദ്ദേഹം റിപ്പോർട്ടു തയ്യാറാക്കുന്നതാണ്. പരാതികളും തർക്കങ്ങളും സ്റ്റിയറിംഗ് കമ്മറ്റിയാണ് പരിഹരിക്കേണ്ടത്. സ്റ്റിയറിംഗ് കമ്മറ്റിക്ക് പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങളോ പരാതികളോ ഉണ്ടെങ്കിൽ നിരീക്ഷകന്റെ റിപ്പോർട്ട്, അഭിപ്രായം എന്നിവ പരിശോധിച്ച് രൂപതാ ഡയറക്ടർ യുക്തമായ തീരുമാനം എടുക്കേണ്ടതാണ്. രൂപതാ നിബന്ധനകൾ പൂർണ്ണമായി പാലിക്കാതെ ഏതെങ്കിലും മത്സരം നടത്താനിടയായാൽ അതിന്റെ ഫലം രൂപതാ കേന്ദ്രത്തിൽ സ്വീകരിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുമല്ലോ.

**3. വാട്സ് ആപ്പ് സന്ദേശങ്ങൾ**

വിശ്വാസ പരിശീലനകേന്ദ്രത്തിൽനിന്നുള്ള അറിയിപ്പുകൾ വാട്സ് ആപ്പ് സന്ദേശങ്ങളായാണ് ഇപ്പോൾ നൽകുന്നത്. ബഹുഭൂരിപക്ഷം പ്രഥമാദ്ധ്യാപകരും ഇപ്പോൾ ഗ്രൂപ്പിൽ അംഗങ്ങളാണ്. ഇനിയും ആർക്കെങ്കിലും ഈ സൗകര്യം ലഭിക്കുന്നില്ലെങ്കിൽ ഓഫീസിൽ അറിയിക്കണം. നമ്മുടെ കേന്ദ്രത്തിന്റെ വെബ്സൈറ്റായ www.ecatpala.com കൂടെക്കൂടെ സന്ദർശിക്കുകയും ചെയ്യുക.

**4. സ്കൂൾ വിശ്വാസ-ധാർമ്മിക പരിശീലനവാർഷികം**

സ്കൂൾ വിശ്വാസ-ധാർമ്മിക പരിശീലനവാർഷികം 2018 ആഗസ്റ്റ് 15-ന് ഉച്ചകഴിഞ്ഞ് 2.15 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. അവാർഡുകളും സമ്മാനങ്ങളും രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്യും. സമ്മാനാർഹരായ എല്ലാ കുട്ടികളും അധ്യാപകരും 2.15 ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരണം. സമ്മാനാർഹരുടെ പേരുകൾ അടങ്ങിയ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു.

*ട്രോഫികൾക്ക് അർഹമായ സ്കൂളുകൾ*

**എ. സ്കൂൾ മതബോധനം**

എൽ.പി. വിഭാഗം എസ്.എച്ച്.എൽ.പി.എസ്. രാമപുരം
യു.പി. വിഭാഗം മേരിമാതാ പബ്ലിക് സ്കൂൾ, പാലാ
എച്ച്.എസ്. വിഭാഗം സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ
എച്ച്.എസ്.എസ്. വിഭാഗം സെന്റ് മേരീസ് എച്ച്.എസ്.എസ്. ഭരണങ്ങാനം

**ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ**

സെന്റ് മേരീസ് ജി.എച്ച്.എസ്. എസ്. പാലാ

**ബി.സ്കൂൾ സന്മാർഗ്ഗശാസ്ത്ര പഠനം**

എൽ.പി. വിഭാഗം സെന്റ് മേരീസ് ഗേൾസ് എൽ.പി. എസ്. കുറവിലങ്ങാട്
യു.പി. വിഭാഗം ഫാത്തിമ സെൻട്രൽ സ്കൂൾ, പിറവം
എച്ച്.എസ്. വിഭാഗം ഫാത്തിമ സെൻട്രൽ സ്കൂൾ, പിറവം
എച്ച്.എസ്.എസ്. വിഭാഗം സെന്റ് ജോർജ് എച്ച്.എസ്.എസ്. അരുവിത്തുറ

**ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ**

ഫാത്തിമ സെൻട്രൽ സ്കൂൾ പിറവം

**കോളേജ് മതബോധനം**

അൽഫോൻസാ കോളേജ് പാലാ ഏറ്റവും കൂടുതൽ പോയിന്റ് നേടി.

**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ മെത്രാഭിഷേക രജതജൂബിലി സ്മാരട്രോഫിക്ക് അർഹമായ സ്കൂൾ.**

ഫാത്തിമ സെൻട്രൽ സ്കൂൾ, പിറവം.

# മിഷൻലീഗ് വാർത്തകൾ

**1. കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) ചരമവാർഷികവും അനുസ്മരണവും ആഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച ചെമ്മലമറ്റം ശാഖയിൽ വച്ച് സംസ്ഥാന സമിതിയും രൂപതാ സമിതിയും സംയുക്തമായി ആചരിക്കുന്നു. രാവിലെ 9.30ന് വിവിധ മേഖലാ ഡയറക്ടേഴ്സിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് കബറിടത്തുങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അതിനുശേഷം നടക്കുന്ന അനുസ്മരണാസമ്മേളനം സുപ്രീം കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യുന്നതാണ്. മിഷൻലീഗിന്റെ മാതൃരൂപത എന്ന നിലയിലും ആതിഥേയർ എന്ന നിലയിലും നമ്മുടെ രൂപതയിലെ മിഷൻലീഗ് അംഗങ്ങളുടെ സാന്നിദ്ധ്യം വളരെ വിലപ്പെട്ടതാണ്. ആയതിനാൽ എല്ലാ ശാഖക

ളിലുംനിന്നും സാധിക്കുന്നിടത്തോളം അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**2. ദൈവവിളി ക്യാമ്പ് - ഡിസംബർ 26-ന്**

ചെറുപുഷ്പ മിഷൻലീഗ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ദൈവവിളിക്യാമ്പ് ഈ വർഷം ക്രിസ്മസ് അവധിക്കാലത്ത് (ഡിസം. 26-27) നടത്തുന്നു. സന്യാസസഭകൾ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി സ്കൂളുകൾ സന്ദർശിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ധാരാളം കുട്ടികളെ കണ്ടെത്താൻ കഴിയുന്നുമുണ്ട്. എന്നാൽ നമ്മുടെ മിഷൻ രൂപതകൾക്ക് ആ രീതിയിൽ നാട്ടിൽ വന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. മിഷനനിലേക്ക് ഈ വർഷം നമ്മുടെ രൂപതയിൽനിന്ന് കുറച്ചുകുട്ടികൾ മാത്രമാണ് പോയിരിക്കുന്നത്. നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ പ്രവർത്തനസ്വാതന്ത്ര്യം കിട്ടിയിരിക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ ദൈവവിളികൾ മിഷൻ രൂപതകളിലേക്ക് ഉണ്ടാകണം. ആകയാൽ നമ്മുടെ രൂപതയിൽ വൈദികരാകാനും സീറോ മലബാർ സഭയുടെ മിഷൻ രൂപതകൾക്കുവേണ്ടി വൈദികരാകാനും കുട്ടികളെ സൺഡേ സ്കൂളുകളിൽ കൂടുതൽ പ്രോത്സാഹിപ്പിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സേവനം വലുതാണ്. ഈ ലക്ഷ്യത്തോടെയാണ് ഡിസംബർ മാസത്തിൽ ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഈ ക്യാമ്പിലേക്ക് നല്ല കുട്ടികളെ പറഞ്ഞയക്കുമല്ലോ.

**3. കുഞ്ഞുമിഷനറി പ്രചരണം**

ഒക്ടോബർ മാസം കുഞ്ഞുമിഷനറി പ്രചരണ മാസമാണ്. എല്ലാ ക്രിസ്തീയ ഭവനങ്ങളിലും ഒരു കുഞ്ഞുമിഷനറി വരുത്തുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. വരിസംഖ്യ അടയ്ക്കാത്ത ഇടവകകൾ എത്രയും വേഗം അവ അടയ്ക്കുമല്ലോ.

**4. ജീവദർശൻ കോഴ്സ്**

പാലാ രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സ് 2018 ജൂലൈ 14-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ ആരംഭിച്ചു.

**5. മേഖലാ വാർത്തകൾ**

**പ്രവർത്തനോദ്ഘാടനവും മാനേജിംഗ് കമ്മറ്റിയും**

ചെറുപുഷ്പമിഷൻലീഗ് ചേർപ്പുങ്കൽ മേഖലയുടെ 2018-19 വർഷത്തെ പ്രവർത്തനോദ്ഘാടനവും മാനേജിംഗ് കമ്മറ്റിയും 2018 ജൂൺ മാസം 24-ാം തീയതി ഞായറാഴ്ച ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാപ്പള്ളിയിൽ വച്ച് നടന്നു. മേഖലാ പ്രസിഡന്റ് റോയി വർഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന മാനേജിംഗ് കമ്മറ്റിയിൽ മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് മടിക്കാങ്കൽ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ഓർഗനൈസർ മനു ചെറുകാട്ടിൽ, അലക്സ് കാവുകാട്ട്, ഫ്രാൻസീസ് മടുക്കോലിൽ ബാബു ജോസഫ് തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സി. ട്രീസാ മരിയ സി.എം.

സി, ഗ്രേയ്സ് ബെന്നി, റ്റിബിൻ ജോസ്, സെബിൻ തോമസ്, റോയി പി. ടോമി തുടങ്ങിയവർ നേതൃത്വം നൽകി.

**അൾത്താരബാലസംഗമവും ദൈവവിളി സെമിനാറും**

ചേർപ്പുങ്കൽ മേഖലയിലെ അൾത്താര ബാലന്മാരുടെ സംഗമവും ദൈവവിളി സെമിനാറും ജൂലൈ 14-ാം തീയതി ശനിയാഴ്ച ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു.

**പാലാ: പ്രവർത്തനോദ്ഘാടനവും നവപ്രേഷിതസംഗമവും**

പാലാ മേഖലാ പ്രവർത്തനോദ്ഘാടനവും നവപ്രേഷിതസംഗമവും ജൂലൈ 1-ാം തീയതി ഞായറാഴ്ച പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. മേഖലാ രക്ഷാധികാരിയും ഫൊറോനാ വികാരിയുമായ റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് അരുൺ പുളിക്കാട്ട് അധ്യക്ഷത വഹിച്ചു. മേഖലയിലെ മുഴുവൻ നവപ്രേഷിതർക്കും രക്ഷാധികാരി ബാഡ്ജുകൾ വിതരണം ചെയ്തു. റവ.ഫാ. തോമസ് ഓലായത്തിൽ, റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, രൂപതാ സെക്രട്ടറി ജോബി ആലയ്ക്കാപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. സി. ആൻസ് വാഴചാരിക്കൽ എസ്.എച്ച്., അഗസ്റ്റിൻ കടുക്കൂന്നേൽ, സിറിൽ തൊമ്മനാമറ്റത്തിൽ, ജോസ് ചന്ദ്രത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**കോതനല്ലൂർ : നവപ്രേഷിതസംഗമം**

കോതനല്ലൂർ മേഖലാ നവപ്രേഷിതസംഗമം, ജൂൺ 15-ാം തീയതി കോതനല്ലൂർ പള്ളിയിൽ വച്ച് നടന്നു. രക്ഷാധികാരി റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ കുട്ടികൾക്ക് ക്ലാസ്സെടുത്തു.

പ്രവർത്തനോദ്ഘാടനം : മേഖലാ പ്രവർത്തനോദ്ഘാടനം ജൂലൈ 1-ാം തീയതി ഞായറാഴ്ച കോതനല്ലൂർ പള്ളിയിൽ വച്ച് നടന്നു. മേഖലാ പ്രസിഡന്റ് റോയി മലയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രക്ഷാധികാരി വെരി. റവ.ഡോ. ജോർജ് ഞാറക്കുന്നേൽ പ്രവർത്തനോദ്ഘാടനം നടത്തി. ഡയറക്ടർ ഫാ. മാത്യു കോലത്ത്, സി. കൃപ എഫ്.സി.സി. മാത്യു കണ്ടംതൊട്ടിയിൽ തുടങ്ങിയവർ സംസാരിച്ചു. തോമസ് കൊണ്ടൂക്കാല, സെണിയ മാത്യു, റോസമ്മ പ്ലാക്കുഴിയിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഇലഞ്ഞി : മേഖലാ പ്രവർത്തനോദ്ഘാടനം ജൂലൈ 15-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഇലഞ്ഞിഫൊറോനാ പള്ളിയിൽ വച്ച് നടന്നു. തുടർന്നു നടന്ന മേഖലാ സെമിനാറിൽ ഡീക്കൻ ഡെൻസൺ കൂറ്റാരപ്പള്ളി, ശ്രീ. ജോബി ആലയ്ക്കാപ്പള്ളി എന്നിവർ ക്ലാസ്സെടുത്തു.

ഭരണങ്ങാനം : മേഖലാ പ്രവർത്തനോദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂലൈ 15-ാം തീയതി ഞായറാഴ്ച അമ്പാറനിരപ്പേൽ ശാഖയിൽ വച്ച് നടന്നു.

**മുട്ടുചിറ : പ്രവർത്തനോദ്ഘാടനം**

മേഖലാ പ്രവർത്തനോദ്ഘാടനം ജൂൺ 10-ാം തീയതി കാഞ്ഞിരത്താനത്തുവച്ചു നടന്നു. മേഖലാ പ്രസിഡന്റ് ഷാജി മുകളേപ്പറമ്പിൽ അദ്ധ്യക്ഷത

വഹിച്ച യോഗത്തിൽ കാഞ്ഞിരത്താനം പള്ളി വികാരി റവ.ഫാ. ജോൺ പുതിയാമറ്റം പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. മേഖലാ ഡയറക്ടർ ഫാ. ജോസഫ് ഇല്ലത്തുപറമ്പിൽ, ഫാ. ജോയൽ ഇഞ്ചക്കുഴിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ജൂലൈ 14-ാം തീയതി മുട്ടുചിറ മേഖലയുടെ ആഭിമുഖ്യത്തിൽ മുട്ടുചിറ പള്ളിയിൽ വച്ച് എയ്ഞ്ചൽസ് മീറ്റ് നടത്തി. വെരി. റവ.ജോസഫ് ഇടത്തുംപറമ്പിൽ ദിവ്യബലിയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി.

**ഡോ. തോമസ് മേനാച്ചേരി (ഡയറക്ടർ)**

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 6, 13, 20, 27 തീയതികളിൽ പാലാ കത്തീഡ്രലിൽ രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ത പ്രാർത്ഥന നടത്തി. റവ. ഫാ. പോൾ വടക്കേമുറി CMI ഫാ. ചാക്കോ കൊച്ചുപറമ്പിൽ CFIC, ഫാ. ബിബിൻ ഒറ്റപ്ലാക്കൽ, ബ്രദർ ബാബു തൊമ്മനാമറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 2, 9, 23, 30 തീയതികളിൽ ഷാലോമിൽവച്ച് വൈകുന്നേരം 4.30 മുതൽ 6 വരെ സെൽപ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്കിന്റെയും വിവിധ പ്രവർത്തനങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥപ്രാർത്ഥനനടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം പി.പി. തോമസ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**3. മാദ്ധ്യസ്ഥ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 2,3,4,5,9,10,17,18,19,23,24,25 26,30,31 തിയതികളിൽ ഷാലോമിൽ വച്ച് മാദ്ധ്യസ്ഥ പ്രാർത്ഥനനടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും, ഇവാഞ്ചലൈസേഷന്റെ എല്ലാ പ്രോഗ്രാമുകൾക്കുവേണ്ടിയും മാദ്ധ്യസ്ഥംവഹിച്ചു പ്രാർത്ഥിച്ചു. സാലി മേത്താനത്ത്, അഗസ്റ്റിൻ ചെരുപുറത്ത്, മേരി പാറയിൽ, ജോസഫ് കുന്നപ്പള്ളി, ചാക്കോ മാട്ടേൽ തുടങ്ങിയവർ നേതൃത്വം നല്കി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

ജീവനയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്യപാനം മദ്ധ്യസ്ഥപ്രാർത്ഥന ആത്മഹത്യയ്ക്കെതിരേയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 18-ാം തീയതി ബുധനാഴ്ച ഷാലോമിൽ കൂടി കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും, അടുത്ത മാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ഡയറക്ടർ ഫാ. വിൻസെന്റച്ചൻ പറഞ്ഞു ദൈവം ഇപ്പോൾ നമുക്കു തന്നിരിക്കുന്ന ഈ സമയത്ത് നിങ്ങൾ

ആത്മാർത്ഥമായി മറ്റുള്ള പാവപ്പെട്ട മനുഷ്യർക്കുവേണ്ടി പറ്റുന്ന സഹായം ചെയ്യുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചു. ഓരോരുത്തരും മറ്റുള്ളവരോട് ഈശോയെപ്പറ്റി പറയുകയും മിനിസ്ട്രികളിൽ പ്രവർത്തിക്കുവിൻ ഓരോ ആൾക്കാരെയെങ്കിലും കൂട്ടികൊണ്ടുവരണമെന്നും ഓർമ്മിപ്പിച്ചു. സി. ബിജി എഫ്.സി.സിന്റെ മിഷ്യൻ അനുഭവം പങ്കുവച്ച് ഒരു മണിക്കൂർ സമയം വചനം പങ്കുവച്ചു. തങ്കച്ചൻ ശ്രാമ്പിയ്ക്കൽ, മാത്തുക്കൂട്ടി താന്നിയ്ക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവന സമിതി മീറ്റിംഗ്**

സേവന സമിതിയുടെ മീറ്റിംഗ് ജൂലൈ 2-ാം തീയതി തിങ്കളാഴ്ച 2.00 മുതൽ 5.00 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടന്നു.

**2. കരിസ്മാറ്റിക് കേരള ടീം സന്ദർശനം**

കേരള സേവന സമിതി ചെയർമാൻ ഫാ. വർഗീസ് മുണ്ടയ്ക്കൽ, സെക്രട്ടറി ശ്രീ സെബാസ്റ്റ്യൻ താന്നിയ്ക്കൽ, മെമ്പർ ശ്രീ. പോൾ വിജയകുമാർ എന്നിവർ സോണൽ സേവനസമിതി അംഗങ്ങളുടെ ഭവനങ്ങൾ ജൂലൈ 4-ാം തീയതി ബുധനാഴ്ച സന്ദർശിച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, കോ-ഓർഡിനേറ്റർ ശ്രീ. സാബു കോഴിക്കോട്ട് എന്നിവരും കൂടെയുണ്ടായിരുന്നു.

**3. ഫോളോ അപ്പ് പ്രോഗ്രാം**

വചനദീപ്തി ധ്യാനത്തിന്റെ ഫോളോഅപ്പ് പ്രോഗ്രാം പാലാക്കാട് ദൈവാലയത്തിൽ 7-6-2018, 5-7-2018 എന്നീ തിയതികളിൽ നടന്നു. ശ്രീ. സണ്ണി വാഴയിൽ, സിസ്റ്റർ ആൻ മരിയ എസ്. എച്ച് എന്നിവർ വചനം പങ്കുവച്ചു.

**4. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നു വരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും, മിനിസ്ട്രികളുടെ കൂട്ടായ്മയും ജൂലൈ 7-ാം തിയതി ശനിയാഴ്ച ഷാലാം പാസ്റ്ററൽ സെന്ററിൽ നടന്നു. ശ്രീ. തൊമ്മച്ചൻ ഇലപ്പത്തിനാൽ വചനശുശ്രൂഷ നയിച്ചു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പ്രസംഗിച്ചു. സോണൽ സേവനസമിതി അംഗങ്ങളും കോതനല്ലൂർ സബ് സോൺ സേവനസമിതി അംഗങ്ങളും പ്രോഗ്രാമിന് നേതൃത്വം നൽകി.

**5. വാർഷികധ്യാനം**

കരിസ്മാറ്റിക് ശുശ്രൂഷകൾക്കും അംഗങ്ങൾക്കുമായി വാർഷികധ്യാനം ജൂലൈ 22-ാം തിയതി മുതൽ 26 വരെ പോട്ട വിൻസെൻഷ്യൽ ആശ്രമത്തിൽ വച്ച് നടന്നു. 200 അംഗങ്ങൾ പങ്കെടുത്തു.

**6. രാത്രി ആരാധന**

സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരങ്ങാനം വി. അൽഫോൻസ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നു

വരുന്ന രാത്രി ആരാധന, വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 21-ാം തീയതി ശനിയാഴ്ച 7.00 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച് വെളുപ്പിന് 4.00 മണിക്കുള്ള വി. കുർബാനയോടുകൂടി അവസാനിച്ചു. ഫാ. എബിൻ നീറുവേലിൽ VC (ഡയറക്ടർ വിൻസെൻഷ്യൻ സെമിനാരി, ചെത്തിമറ്റം) വചന ശുശ്രൂഷ നയിച്ചു. ഫാ. മാത്യു ചന്ദ്രൻ കുന്നേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# കുടുംബകൂട്ടായ്മ

1-7-18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് കടുത്തുരുത്തി ഇടവകയിലെ കുടുംബകുട്ടായ്മ ഭാരവാഹികൾക്കുവേണ്ടി രൂപതാ ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ ക്ലാസ് എടുത്തു.

5-7-18 വ്യാഴാഴ്ച രാവിലെ 10 മണിക്ക് രൂപതാ കൗൺസിൽ പാലാ ശാലേം പാസ്റ്ററൽ സെന്ററിൽ കൂടി. ജപമാല പ്രാർത്ഥനയ്ക്കുശേഷം, മുൻമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഈ മാസത്തെ പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യുകയും ചെയ്തു.

അന്നേദിവസം ഉച്ചയ്ക്ക് 12 മണിക്ക് രൂപത റിസോഴ്സു ടീം അംഗങ്ങളും ട്രെയിംനിങ്ങ് നടന്നു. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ, സി. ജോസ്മേരി FCC എന്നിവർ നേതൃത്വം നൽകി.

10 -7-18 ചൊവ്വാഴ്ച 10 മണിക്ക് രൂപത റീസോഴ്സ് ടീമിന്റെ പരിശീലന പരിപാടി ശാലോം പാസ്റ്ററൽ സെന്ററിൽവെച്ചു നടന്നു. സി. ജോസ്മേരി FCC ഫൊ. ലിറ്റിൽ പ്ളവർ തുടങ്ങിയവർ നേതൃത്വം നടത്തി.

14-7-18 ശനിയാഴ്ച 3 മണിക്ക് ളാലം സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിൽവെച്ചു ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടന്നു. കുടുംബകൂട്ടായ്മ ഡയക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ നേതൃത്വം നൽകി. ഫൊറോനാ കോർഡിനേറ്റമാർ, റിസോഴ്സ്ടീം അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

15-7-18 ഞായർ ഉച്ചകഴിഞ്ഞു 3 മണിക്ക് പ്രവിത്താനം ഫൊറോനായിലെ ഇടവകാംഗങ്ങളിൽനിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി കുടുംബകുട്ടായ്മ രൂപതാ ഡയക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ നേതൃത്വം നൽകി. ഫൊറോനാ വികാരി വെരി. റവ ഫാ. സെബാസ്റ്റ്യൻ പടിക്കൽകുഴപ്പിൽ പ്രസംഗിച്ചു.

അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് വാരിയാനിക്കാട് ഇടവകയിലെ കുടുംബക്കുട്ടായ്മ ഭാരവാഹികൾക്കിവേണ്ടി റവ. സി. ജോസ്മേരിയമ്മ ക്ലാസ്സെടുത്തു, അരുവിത്തുറ ഫൊറോനാ കോർഡിനേറ്റർ മാത്യു കൊല്ലംപറമ്പിൽ വികാരി റവ. ഫാ. അറയ്ക്കൽ നേതൃത്വം നൽകി.

29 -ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ജയഗിരി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്ക് വേണ്ടി രൂപതാഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ ക്ലാസ്സ് എടുത്തു.

29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് സേവ്യർപുരം ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹകൾക്ക് വേണ്ടിയുള്ള ക്ലാസ്സ് രൂപത കോർഡിനേറ്റർ തോമസ് വടക്കേൽ ക്ലാസ്സ് എടുത്തു. വികാരിയച്ചൻ ഫാ. മാത്യു തടത്തിൽ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ജൂലൈ 23-25** തിയതിയിലെ വിവാഹ ഒരുക്ക കോഴ്സിൽ 175 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ആഗസ്റ്റ് 6-8, 20-22** തിയതികളിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ തുടരുന്നു. **സെപ്റ്റംബർ 3-5, 17-19** തിയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂലൈ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 274 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## B. ഫമിലിയ - വാർത്താബുള്ളറ്റിൻ

ഫാമിലി അപ്പോസ്തലേറ്റിന്റെ വാർത്തബുള്ളറ്റിൻ 'ഫമിലിയ' ജൂലൈ മാസത്തിൽ പുറത്തിറക്കി. ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിൽ നടത്തപ്പെടുന്ന ശുശ്രൂഷകളുടെയും സംഘടനകളുടെയും കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങളാണ് ഫമിലിയായുടെ ഉള്ളടക്കം. വാർത്തബുള്ളറ്റിന്റെ 2000 കോപ്പികൾ വിതരണം ചെയ്തു.

## C. കുടുംബബോധവൽക്കരണം

1. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ജൂലൈ 1-ന് ശാന്തിപുരം ഇടവകയിലും ജൂലൈ 15-ന് വയല ഇടവകയിലും വിശുദ്ധ കുർബാന അർപ്പിച്ച് കുടുംബബോധവത്ക്കരണ സന്ദേശം നല്കി.

**2. Harmonia in Familia**

ജൂലൈ 13, 14 തീയതികളിൽ തൃശൂർ മേരി മാതാ മേജർ സെമിനാരിയിൽ വച്ച് **'Harmonia in famililaʼ** എന്ന വിഷയത്തെ അധികരിച്ച് നടന്ന സിമ്പോസിയത്തിൽ റവ. സെബാസ്റ്റ്യൻ വേത്താനത്ത്, ബ്രദർ നിതിൻ ചൂരയ്ക്കൽ എന്നിവർ സംബന്ധിച്ചു.

## D. പിതൃവേദി

**1. പ്രബന്ധരചനാമത്സരവിജയികൾ**

മെയ് 25-ാം തീയതി പാലാ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് രൂപതയിലെ മാതാപിതാക്കൾക്കായി പ്രബന്ധരചനാമത്സരം നടത്തപ്പെട്ടു. 'കുടുംബം കാലഘട്ടത്തിന്റെ വെല്ലുവിളികൾക്ക് ഉത്തരം' എന്ന വിഷയത്തെ അധികരിച്ചു രൂപതയുടെ വിവിധ ഇടവകകളിൽനിന്ന് 40 പേർ പങ്കെടുത്ത മത്സരത്തിൽ ഷിനു ആനത്താരയ്ക്കൽ (പ്രവിത്താനം), ഷീബ ബിനോയി പള്ളിപ്പറമ്പിൽ (രാമപുരം), ആൻസി ജോ കൊട്ടുകാപ്പള്ളി (ജയ്ഗിരി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**1. പുതിയ യൂണിറ്റ് - ശാന്തിപുരം**

ജൂലൈ 1-ാം തീയതി ശാന്തിപുരം ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**2. ഇടവകഡയറക്ടറി - വയല**

പിതൃവേദി വയല യൂണിറ്റ് തയ്യാറാക്കിയ ഇടവക ഡയറക്ടറിയുടെ ഔദ്യോഗികമായ വിതരണോദ്ഘാടനം റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ജൂലൈ 15-ാം തീയതി ഞായറാഴ്ച നടത്തി. രൂപത പ്രസിഡന്റ് ശ്രീ. ജോസ് ജോൺ കീലത്ത് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

## E. മാതൃവേദി

**1. നേതൃത്വപരിശീലനം - പാലാ കത്തീഡ്രൽ**

ജൂലൈ 14 ശനിയാഴ്ച മാതൃവേദി രൂപതാ ഭാരവാഹികൾക്കും മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മാതൃവേദി അമ്മമാർക്കായി പാലാ സെന്റ് തോമസ് കത്തീഡ്രൽ കോൺഫെറൻസ് ഹാളിൽ വച്ച് നേതൃത്വപരീശീലനക്ലാസ്സ് നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജ് പ്രൊഫസർ ഡോ. ആൻസി ജോർജ് വടക്കേചിറയാത്ത് ക്ലാസ്സ് നയിച്ചു. 50 മാതാക്കൾ പരിപാടിയിൽ പങ്കെടുത്തു.

**2. യൂണിറ്റ് സന്ദർശനം - അരുവിത്തുറ, കളത്തൂക്കടവ്**

ജൂലൈ 4-ാം തീയതി ബുധനാഴ്ച അരുവിത്തുറ യൂണിറ്റിലും, 26-ാം തീയതി തിടനാട്, വാരിയാനിക്കാട്, ചെമ്മലമറ്റം യൂണിറ്റുകളിലും ജൂലൈ 29 ഞായർ ഉച്ചകഴിഞ്ഞ് 3 മണിക്ക് കളത്തൂക്കടവ് യൂണിറ്റിലും ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്. എച്ച്, അരുവിത്തുറ മേഖല പ്രസിഡന്റ് ബിന്ദു ഷാജി കുന്നയ്ക്കാട്ട് എന്നിവർ യൂണിറ്റ് സന്ദർശനം നടത്തി. കളത്തൂക്കടവ് യൂണിറ്റിൽ 'സഭയാകുന്ന അമ്മയുടെ നിഴലാകേണ്ട മാതൃത്വവും മാതൃവേദിയും' എന്ന വിഷയത്തെ അധികരിച്ച് ഡയറക്ടർ ക്ലാസ്സ് നയിച്ചു.

**3. സെമിനാർ- കൂത്താട്ടുകുളം**

കൂത്താട്ടുകുളം യൂണിറ്റിൽ മാതാക്കൾക്കായി ആരോഗ്യസെമിനാർ നടത്തി. ഡോ. ലിബിൻ, ഡോ.ജഗിത ലിബിൻ എന്നിവർ സെമിനാറിന് നേതൃത്വം നല്കി.

**4. അംഗത്വം – കൂത്താട്ടുകുളം**

കൂത്താട്ടുകുളം ഇടവകയിലെ എല്ലാ അമ്മമാരും മാതൃവേദിയിൽ അംഗത്വമെടുത്തു.

**5. ആദരിക്കൽ – മരങ്ങോലി**

മരങ്ങോലി യൂണിറ്റിൽ നാലുമക്കളിൽ കൂടുതലുള്ള രണ്ടു കുടുംബങ്ങളെ ആദരിച്ചു.

**6. ക്ലാസ്സ് – അരുണാപുരം**

അരുണാപുരം യൂണിറ്റിൽ ജൂലൈ 8–ാം തീയതി ജോയിന്റ് ഡയറക്ടർ സി. പുഷ്പ ജോസ് മാതൃവേദിയുടെ പ്രസക്തിയെകുറിച്ച് ക്ലാസ്സെടുത്തു.

## F. ഹോംമിഷൻ

**1. മുളക്കുളം**

മുളക്കുളം ഇടവകയിൽ ആഗസ്റ്റ് 6 മുതൽ ഹോംമിഷൻ ആരംഭിക്കുന്ന ഹോംമിഷന് ഒരുക്കമായി ജൂലൈ 29–ാം തീയതി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

**2. സ്പിരിചൽ മീറ്റ് – ചെത്തിമറ്റം**

ആഗസ്റ്റ് 1, 2 തീയതികളിൽ ചെത്തിമറ്റം ക്രിസ്തുജ്യോതി കൗൺസിലിങ് സെന്ററിൽ വച്ച് ഹോംമിഷന്റെ സിസ്റ്റേഴ്സിനായി സ്പിരിച്വൽ പവർ മീറ്റ് നടത്തപ്പെടുന്നതാണ്. റവ. ഫാ. ജേക്കബ് മുളവരിക്കൽ SVD (കടുത്തുരുത്തി) കൗൺസിലിങ്ങിനെ സംബന്ധിക്കുന്ന ക്ലാസ്സുകൾ നയിക്കും.

## G. സീറോ മലബാർ പാലാ മാട്രിമണി

**1. ഡയറക്ടേഴ്സ് മീറ്റ്**

ജൂലൈ 17–ാം തീയതി ചൊവ്വാഴ്ച ചങ്ങനാശേരിയിൽ വച്ച് നടന്ന സീറോ മലബാർ പാലാ മാട്രിമണിയുടെ ഡയറക്ടേഴ്സ് കോർകമ്മിറ്റിയിൽ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് പങ്കെടുത്തു.

**2. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ പാല മാട്രിമണിയുടെ വാർത്ത ബുള്ളറ്റിൻ ആഗസ്റ്റ് മാസം പുറത്തിറക്കും.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ ബാച്ച് ക്ലാസ്സുകൾ **2018 ജൂലൈ 9–ാം തീയതി** ആരംഭിച്ചു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്,

ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ , ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ - 9496571321

## H. മംഗല്യനിധി

**1. മംഗല്യനിധി സംഭാവന - 43,000രൂപ**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **വെള്ളത്തൂവൽ (ഇടുക്കി) -3000, മലഞ്ചിപ്പാറ - 10000, നെല്ലിയാനി - 10000, പിഴക് - 10000, വെള്ളിയാമറ്റം - 10000** എന്നീ ഇടവകകളിലെ നിർദ്ധനരായ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായമായി **43,000** രൂപാ നൽകി.

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് (ഡയറക്ടർ)**

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ വിതരണം നടത്തി.**

കേരളാ സംസ്ഥാന പിന്നോക്ക ന്യൂനപക്ഷവികസന കോർപ്പറേഷന്റെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ 52 ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ വിതരണം ചെയ്തു. 56 ലക്ഷം രൂപയാണ് സംരംഭങ്ങൾ തുടങ്ങുവാൻ വിതരണം ചെയ്തത്. ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ വച്ച് പി.സി. ജോർജ് എം.എൽ.എ. ലോൺ വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.ബി.സി.ഡി.സി ജില്ലാ അസിസ്റ്റന്റ് ജനറൽ മാനേജർ ജിതിൻ പി.പി., അസിസ്റ്റന്റ് മാനേജർ രാജേഷ് എം.ജി., ജില്ലാ ആസൂത്രണകമ്മിറ്റി അംഗം ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. പലിശരഹിത ലോൺ വിതരണം**

സൊസൈറ്റിയുടെ അടുക്കളത്തോട്ടം പരിപാലന പദ്ധതിയുടെ ഭാഗമായി 10000 രൂപാ വീതം 42 ഗ്രൂപ്പുകൾക്ക് പലിശരഹിത ലോൺ വിതരണം ചെയ്തു.

**3. തൊഴിൽ പരിശീലനം നടത്തി**

പി.എസ്.ഡബ്ല്യു.എസ്. പൂഞ്ഞാർ സോണിന്റെ ആഭിമുഖ്യത്തിൽ പൂഞ്ഞാർ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് സോപ്പ്, സോപ്പുപൊടി, ലോഷൻ, ലിക്യൂഡ് സോപ്പ് തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പരിശീലനപരിപാടി സംഘടിപ്പിച്ചു.

**4. അടുക്കളത്തോട്ടം നിർമ്മാണ പരിശീലനം**

വീട്ടുവളപ്പിൽ പച്ചക്കറികൃഷി ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനം കുമരകം കാർഷിക ഗവേഷണകേന്ദ്രത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു. പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സെമിനാറിന് കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിലെ പച്ചക്കറികൃഷി സ്പെഷ്യലിസ്റ്റ് ജിബീന ആനി ക്ലാസ് നയിച്ചു.

**5. സ്വാശ്രയസംഘം വാർഷികങ്ങൾ**

കൈപ്പള്ളി, മറ്റക്കര, കടപ്ലാമറ്റം, ചെമ്പിളാവ്, മൂന്നാനി, ഐങ്കൊമ്പ്, പാലാക്കാട്, രത്നഗിരി, മൂഴൂർ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടന്നു.

**6. കുടുംബസഹായപദ്ധതി**

സേവ് എ ഫാമിലി പ്ലാനിന്റെ കുടുംബസഹായ പദ്ധതിപ്രകാരം 24 ഇടവകകളിലായി 384434 രൂപാ കഴിഞ്ഞ മാസം ധനസഹായം വിതരണം ചെയ്തു.

**7. പച്ചക്കറി തൈ വിതരണം**

ഇലഞ്ഞി സോണിന്റെ ആഭിമുഖ്യത്തിൽ ഇലഞ്ഞി പാരീഷ് ഹാളിൽ വച്ച് പച്ചക്കറി തൈ വിതരണപരിപാടി സംഘടിപ്പിച്ചു.

**8. ഓണചന്തകൾ നടത്താൻ പലിശരഹിത ലോൺ**

ഓണത്തിനോടനുബന്ധിച്ച് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഓണചന്തകൾ നടത്താൻ 25000 രൂപാവീതം സ്വാശ്രയസംഘം/കർഷകദള ഫെഡറേഷൻ എന്നിവയ്ക്ക് പലിശരഹിത ലോൺ നൽകുന്നു. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ നമ്മുടെ നാട്ടിൽ വിറ്റഴിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി.

**9. തെങ്ങിൻതൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് 2018 ഓഗസ്റ്റ് 30 മുതൽ മികച്ചയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യും. തേങ്ങാ, എണ്ണ, നീര എന്നിവയ്ക്ക് അനുയോജ്യമായ ഉല്പാദനശേഷി കൂടിയ ഇനം കൂടതൈകൾ ആണ് വിതരണം ചെയ്യുക. നേഴ്സറികളിൽ 300 രൂപാവിലയുള്ള തെങ്ങിൻ തൈകൾ 165 രൂപാ നിരക്കിൽ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽനിന്ന് വാങ്ങാവുന്നതാണ്.

**10. റമ്പൂട്ടാൻ തൈകൾ**

അത്യുല്പാദന ശേഷിയിലുള്ള മലേഷ്യൻ റമ്പൂട്ടാന്റെ ബഡ് ചെയ്ത കൂടതൈകൾ കുറഞ്ഞ നിരക്കിൽ 230 രൂപ. പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ലഭ്യമാണ്. റെഡ് കളർ, നല്ല മധുരം, പാകമായാൽ കുരുവിൽനിന്ന് എളുപ്പം വേർപ്പെടുത്തി കഴിക്കാവുന്നതും, 18 എണ്ണം ഒരു കിലോ തൂക്കം ലഭിക്കുന്നതുമായ റമ്പൂട്ടാൻ തൈകൾ പാലാ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ ലഭ്യമാണ്.

**11. ഫാർമേഴ്സ് ക്ലബുകൾ ഉദ്ഘാടനം ചെയ്തു.**

കുറവിലങ്ങാട് ഇടവകയിൽ നബാർഡിന്റെ സഹകരണത്തോടെ ആരംഭിച്ച ഫാർമേഴ്സ് ക്ലബിന്റെ ഉദ്ഘാടനം കുറവിലങ്ങാട് മേജർ ആർച്ച് എപ്പിസ്കോ

പ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയം ആർച്ച് പ്രീസ്റ്റ് റവ.ഫാ. ജോസഫ് തടത്തിലിന്റെ അദ്ധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ നിർവ്വഹിച്ചു. സംഘം ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖപ്രസംഗവും നബാർഡ് മാനേജർ ദിവ്യ കെ.വി. മുഖ്യപ്രഭാഷണവും നടത്തി.

പാലായ്ക്കാട്ടുമല ഇടവകയിൽ രൂപീകരിച്ച ഫാർമേഴ്സ് ക്ലബിന്റെ ഉദ്ഘാടനം ഫെഡറേഷൻ ഡയറക്ടർ ഫാ. തോമസ് മലേപുത്തൻപുരയുടെ അദ്ധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്തു. നബാർഡ് മാനേജർ ദിവ്യ കെ.വി. മുഖ്യപ്രഭാഷണം നടത്തി.

**12. മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് മൂഴൂരിൽ**

കപ്പകൊണ്ട് വിവിധങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് മൂഴൂരിൽ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു.

**13. കുരുമുളക് കൃഷി സെമിനാർ**

പുതിയ ഇനം കുമ്പുക്കൽ കുരുമുളക് ചെടിയെക്കുറിച്ച് ബോധവല്ക്കരണ സെമിനാർ കുറവിലങ്ങാട് സോണിന്റെ ആഭിമുഖ്യത്തിൽ കുറവിലങ്ങാട് പാരിഷ് ഹാളിൽ വച്ച് നടത്തി.

**14. വൃക്ഷത്തൈ വിതരണം**

ഇലഞ്ഞി, തോടനാൽ എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ വൃക്ഷത്തൈ വിതരണം നടത്തി.

**15. മെഡിക്കൽ ക്യാമ്പ്**

തുടങ്ങനാട്, മലയിഞ്ചിപ്പാറ, അറുനൂറ്റിമംഗലം എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി.

**16. സർക്കാർ ക്ഷേമപദ്ധതികൾ – സെമിനാർ**

സർക്കാർ ത്രിതല പഞ്ചായത്ത് സംവിധാനം വഴി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് പാലാ, അരുവിത്തുറ, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ വാച്ച് സെമിനാർ സംഘടിപ്പിച്ചു.

**17. പച്ചക്കറി വിത്തുവിതരണം**

അമ്പാറനിരപ്പേൽ, തിരുമാറാടി, മരങ്ങാട്ടുപിള്ളി എന്നീ സ്ഥലങ്ങളിൽവച്ച് പച്ചക്കറി വിത്തുവിതരണം സംഘടിപ്പിച്ചു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം.

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂലൈ 1-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 നു രൂപതാ കാര്യാലയത്തിൽ വച്ച് അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. ജോയിന്റ് ഡയറക്ടർ സി. ഷൈനി

ഡി.എസ്.ടിയും മറ്റ് ഭാരവാഹികളും പങ്കെടുത്തു. ജൂലൈ 22-ാം തീയതി നടക്കുന്ന സന്ന്യസ്ത യുവജന സംഗമത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും കമ്മറ്റികൾ രൂപീകരിക്കുകയും ചുമതലകൾ നൽകുകയും ചെയ്തു. വരും മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും പഠനത്തിൽ മികവു പുലർത്തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും ചെയ്യുന്ന 3 കുട്ടികൾക്ക് പതിനായിരം രൂപാവീതം നല്കുന്ന എസ്.എം.വൈ.എം. സഭാകാര്യാലയത്തിൽ നിന്നുള്ള പദ്ധതിയിൽ കുട്ടികളെ നിശ്ചയിക്കുകയും ചെയ്തു.

**2. യൂണിറ്റ് രൂപീകരണം**

ജൂലൈ ഒന്നാം തീയതി ഞായറാഴ്ച പാളയം സെന്റ് മൈക്കിൾസ് ഇടവകയിൽ രൂപതാ അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം എന്നിവരുടെ നേതൃത്വത്തിൽ വികാരി റവ.ഫാ. അബ്രാഹം തലവയലിലിന്റെ അദ്ധ്യക്ഷതയിൽ യൂണിറ്റ് രൂപീകരിച്ചു.

**3. സഭാദിനം - ദുക്റാന തിരുനാൾ**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജൂലൈ 3-ാം തീയതി ദുക്റാനതിരുനാൾ ദിനത്തിൽ നടന്ന സഭാദിനത്തിൽ രൂപതയെ പ്രതിനിധീകരിച്ച് രൂപതാ അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം, ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാമക്കാലായിൽ, വൈസ് പ്രസിഡന്റ് കുമാരി ശീതൾ വെട്ടത്ത്, ജോയിന്റ് സെക്രട്ടറി കുമാരി റിയാ മന്നാത്ത്, നാഷണൽ കൗൺസിലർ കുമാരി ടെൽമ ജോബി എന്നിവർ പങ്കെടുത്തു.

**4. യൂണിറ്റ് രൂപീകരണവും യുവജനദിനാചരണവും**

ജൂലൈ 8-ാം തീയതി നെല്ലിയാനി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വികാരി റവ.ഫാ. സെബാസ്റ്റ്യൻ മണ്ണൂരിന്റെ അദ്ധ്യക്ഷതയിൽ രൂപതാ അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റെ നേതൃത്വത്തിൽ യുവജനദിനം നടത്തുകയും യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു.

**5. YATP ക്യാമ്പ്**

എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ നടത്തിവരുന്ന Youth Animators Training Programme (YATP) മൂന്നാം സെഷൻ ജൂലൈ 13,14 തീയതികളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ, അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി., ക്യാമ്പ് കോർഡിനേറ്റർ ശ്രീ. സുരേഷ് മാത്യു എന്നിവർ നേതൃത്വം നൽകി. റവ.ഫാ. ജോസഫ് കടുപ്പിൽ ക്ലാസുകൾ നയിച്ചു.

**6. അഖില കേരള ജനറൽ ക്വിസ് ERUDITE2K18**

ജൂലൈ 14-ാം തീയതി ശനിയാഴ്ച എസ്.എം.വൈ.എം. മുത്തോലപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട അഖില കേരള ജനറൽ

ക്വിസ് "ERUDITE 2K18" - SMYM രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സോൺ ഡൊമിനിക് ജോസിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോൺ എടേട്ട് സ്വാഗതം ചെയ്തു സംസാരിച്ചു. പിറവം നിയോജകമണ്ഡലം എം.എൽ.എ. ബഹു. ശ്രീ. അനൂപ് ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. മത്സരത്തിൽ വിജയികളായവർക്ക് വികാരി റവ. ഫാ. സിറിയക് വടക്കേൽ, ശ്രീ. സെനാസ് തെക്കേപ്പറമ്പിൽ, പി.എം. മാത്യു, സി. ട്രീസ കളത്തിപ്പറമ്പിൽ എന്നിവർ സമ്മാനങ്ങൾ നൽകി.

**7. അർദ്ധവാർഷിക സെനറ്റ് 2018**

യൂണിറ്റ് ഭാരവാഹികളുടെ സജീവപങ്കാളിത്തത്തോടെ അർദ്ധവാർഷിക സെനറ്റും എക്സിക്യൂട്ടീവ് മീറ്റിംഗും ജൂലൈ 15-ാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2-ന് ഷാലോം പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സെനറ്റിൽ വിവിധ മേഖലകളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടു. അന്നേദിവസം തന്നെ എസ്.എം.വൈ.എം. രൂപതാ ഡയറക്ടറിയുടെ പ്രകാശനകർമ്മം റവ.ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ, രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളത്തിന് നൽകി പ്രകാശനം ചെയ്തു. ഈ ഡയറക്ടറി ഇടവകയിലെ എല്ലാ അച്ചന്മാർക്കും മഠങ്ങൾക്കുമാണ് ഉദ്ദേശിക്കുന്നത്. ഡയറക്ടറി ലഭിക്കാത്തവർ എസ്.എം.വൈ.എം. ഓഫീസിൽ അറിയിക്കുക.

**8. അൽഫോൻസാ തീർത്ഥാടനവും സന്ന്യസ്ത യുവജനസംഗമവും**

പാലാ രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ ജൂലൈ 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന് അൽഫോൻസാ തീർത്ഥാടനവും സന്യസ്ത യുവജനസംഗമവും നടത്തപ്പെട്ടു. പാലാ രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. ഭരണങ്ങാനം ക്ലാരമഠത്തിൽനിന്നും ആരംഭിച്ച ജപമാല പ്രദക്ഷിണത്തിലും സന്യസ്ത യുവജനസംഗമത്തിലും അഞ്ഞൂറിലധികം സന്യാസിനികളും ആയിരത്തിലധികം യുവജനങ്ങളും പങ്കെടുത്തു. രൂപതയുടെ വിവിധ ഇടവകകളിൽനിന്നും പങ്കെടുത്ത സമർപ്പിതരെ എസ്.എം.വൈ.എം. പാലാ രൂപതാ സമിതി ആദരിക്കുകയും ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. പാലാ രൂപതാ ജീസസ് യൂത്ത് ഡയറക്ടർ റവ.ഡോ. കുര്യൻ മറ്റത്തിന്റെ പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിച്ച സമ്മേളനത്തിന് എസ്.എം. വൈ.എം. രൂപതാ പ്രസിഡന്റ് ആൽവിൻ ഞായർകുളം സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ ആമുഖ സന്ദേശം നൽകി. വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, അൽഫോൻസാ തീർത്ഥാടന കേന്ദ്രം റെക്ടർ റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ, എസ്.എം.വൈ.എം. ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.ടി., വൈസ് പ്രസിഡന്റ് കുമാരി ശീതൽ വെട്ടത്ത് എന്നിവർ പ്രസംഗിച്ചു. രൂപതാ ഭാരവാഹികൾ എല്ലാവരും പരിപാടികൾക്ക് നേതൃത്വം നൽകി.

**9. കുട്ടനാട് ദുരിതാശ്വാസപ്രവർത്തനം**

വെള്ളപ്പൊക്കം കെടുതികൾമൂലം കുട്ടനാട്ടിൽ ദുരന്തം അനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ എസ്.എം.വൈ.എം. പാലാ രൂപതാസമിതി വിവിധ യൂണിറ്റുകളുമായി ചേർന്ന് നടത്തുന്ന ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും ആദ്യഘട്ട വിതരണം ജൂലൈ 25-ാം തീയതി അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യ പിതാവിനൊപ്പം വികാരി ജനറാളച്ചന്മാരായ മോൺ ജോസഫ് കുഴിഞ്ഞാലിൽ, മോൺ ജോസഫ് കൊല്ലംപറമ്പിൽ, എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ, അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, ഷാലോം പാസ്റ്ററൽ സെന്ററിലേയും ബിഷപ്പ് ഹൗസിലേയും മറ്റ് അച്ചന്മാർ, രൂപതാ പ്രസിഡന്റ് ശ്രീ. ആൽവിൻ ഞായർകുളം, ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചാക്കാലായിൽ, മറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ (ഡയറക്ടർ)**

**ഫാ. സിറിൽ തയ്യിൽ (അസി.ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. കെ.സി.എസ്.എൽ. രൂപതാതല പ്രവർത്തനോദ്ഘാടനം**

പാലാ രൂപതയുടെ 2018-19 വർഷത്തെ കെ. സി. എസ്. എൽ പ്രവർത്തനോദ്ഘാടനം കുറവിലങ്ങാട് പള്ളി പാരീഷ്ഹാളിൽ വച്ച് ജൂലൈ 6 ന് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. ആർച്ച് പ്രീസ്റ്റ് വെരി റവ. ഡോ. ജോസഫ് തടത്തിൽ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. കെ. സി. എസ്. എൽ ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രഭാഷണം നടത്തി. കുറവിലങ്ങാട് ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നോബിൾ തോമസ്, കെ.സി.എസ്.എൽ. ചെയർമാൻ ആൽബിൻ ജിജോ എന്നിവർ ആശംസകൾ അർപ്പിച്ചു. കെ. സി. എസ്. എൽ പ്രസിഡന്റ് ശ്രീമതി സാലി കെ. ജെ സ്വാഗതവും വൈസ്പ്രസിഡന്റ് ശ്രീമതി പ്രിറ്റി അഗസ്റ്റിൻ കൃതജ്ഞതയും പറഞ്ഞു.

**2. വായനോത്സവം**

വായനദിനാചരണത്തിന്റെ ഭാഗമായി വായനയുടെ പ്രാധാന്യവും മഹത്ത്വവും മനസ്സിലാക്കുന്നതിനുവേണ്ടി ജൂലൈ 14 ശനിയാഴ്ച രാവിലെ 10.30 ന് അൽഫോൻസാ കോളേജിൽ വച്ച്. എച്ച്. എസ്. എസ്, എച്ച്. എസ്, യു. പി വിഭാഗങ്ങൾക്കായി വായനമത്സരം നടത്തി. മത്സരത്തിൽ നിരവധി കുട്ടികൾ പങ്കെടുത്തു. ഉച്ചയോടുകൂടി മത്സരം അവസാനിച്ചു.

**3. അൽഫോൻസാ സൂക്തങ്ങൾ - മത്സരം**

ജൂലൈ 14 ശനിയാഴ്ച രാവിലെ 10.30 ന് അൽഫോൻസാ കോളേജിൽ വച്ച് എൽ. പി വിഭാഗത്തിനായി അൽഫോൻസാ സൂക്തങ്ങൾ - അവത

രണമത്സരം നടത്തി. മത്സരത്തിൽ നിരവധി സ്കൂളുകളിൽനിന്ന് കുട്ടികൾ പങ്കെടുത്തു. നാലുമണിയോടെ അവസാനിച്ചു.

**4. സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ്**

കെ.സി.എസ്.എൽ സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ് തൃശൂരിൽ വച്ച് ജൂലൈ 13,14 തീയതികളിലായി നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് 7 കുട്ടികളും 2 ടീച്ചേഴ്സും ക്യാമ്പിൽ പങ്കെടുത്തു.

**5. പാഠപുസ്തകങ്ങൾ തയ്യാറായിരിക്കുന്നു**

ഈ വർഷത്തെ കെ.സി.എസ്.എൽ പാഠപുസ്തകമായ 'കടലോളങ്ങളിൽ കടലാസുതോണികൾ' ഉപപാഠപുസ്തകമായ 'വെൺമഞ്ഞുപോലെ ഒരു മഹാവിശുദ്ധൻ' എന്നിവ വിതരണത്തിനു തയ്യാറായിരിക്കുന്നു. പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതാണ്.

**6. കളരി – ഒന്നാം ലക്കം പുറത്തിറങ്ങി**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കളരി മാസികയുടെ ഒന്നാംലക്കം പുറത്തിറങ്ങി. കളരിവണ്ടി ഓഗസ്റ്റ് ആദ്യവാരം സ്കൂളുകളിലെത്തുന്നതാണ്.

**7. പ്ലാൻ ഓഫ് ആക്ഷൻ പ്രകാശനം ചെയ്തു**

കെ. സി. എസ്. എൽ 2018-19 വർഷത്തെ പ്രവർത്തനങ്ങളും നയങ്ങളും വ്യക്തമാക്കുന്ന മാർഗ്ഗരേഖയും കലണ്ടറും ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ പ്രകാശനം ചെയ്തു. ഓഗസ്റ്റ് ആദ്യവാരം സ്കൂളുകളിൽ എത്തിക്കുന്നതാണ്.

**8. ബെസ്റ്റ് സ്കൂൾ അവാർഡുകൾ സമ്മാനിച്ചു**

കെ. സി. എസ്. എൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ പ്ലാശനാൽ സെന്റ് ആന്റണീസും ഹൈസ്കൂൾ വിഭാഗത്തിൽ പാലാ സെന്റ് മേരീസും യു. പി വിഭാഗത്തിൽ ചെമ്മലമറ്റം ലിറ്റിൽ ഫ്ളവറും അവാർഡുകൾക്ക് അർഹത നേടി. എവർറോളിംഗ് ട്രോഫികൾ കെ.സി.എസ്.എൽ. മുൻ ഡയറക്ടർമാരായ ഫാ. ഡോ. തോമസ് മൂലയിൽ, ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. തോമസ് തറപ്പേൽ എന്നിവർ സ്പോൺസർ ചെയ്തു. കെ.സി.എസ്.എൽ. പ്രവർത്തനോദ്ഘാടനസമ്മേളനത്തിൽവച്ച് മാർ ജേക്കബ് മുരിക്കൻ അവാർഡുകൾ വിതരണം ചെയ്തു.

**9. ഷോർട്ട് ഫിലിം അവാർഡുകൾ വിതരണം ചെയ്തു**

കെ. സി. എസ്. എൽ പാലാ രൂപതസമിതിയുടെ നേതൃത്വത്തിൽ നടത്തിയ ഷോർട്ട് ഫിലിം മത്സരത്തിൽ ജിനു പതിപ്പള്ളിൽ ചെമ്മലമറ്റം സംവിധാനം ചെയ്ത 'കരിക്കിൻ വെള്ളം' ഒന്നാം സ്ഥാനം നേടി. നിധീഷ് സെബാസ്റ്റ്യൻ മറ്റത്തിപ്പാറ സംവിധാനം നിർവഹിച്ച ഷോർട്ട് ഫിലിം രണ്ടാം സ്ഥാനവും, മൂലമറ്റം എസ്.എച്ച്. ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പ്രിൻസ് ആൻഡ് ടീം അവതരിപ്പിച്ച ഷോർട്ട് ഫിലിം മൂന്നാം സ്ഥാനവും നേടി. ഒന്നാം സമ്മാനമായ പതിനായിരം രൂപയും രണ്ടാം സമ്മാനമായ ഏഴായിരം രൂപയും മൂന്നാം സമ്മാനമായ അയ്യായിരം രൂപയും കുറവിലങ്ങാട് നടന്ന പ്രവർത്തനോദ്ഘാടനത്തിൽ മാർ ജേക്കബ് മുരിക്കൻ വിതരണം ചെയ്തു.

**10. ബെസ്റ്റ് ആനിമേറ്റർ അവാർഡുകൾ സമ്മാനിച്ചു**

കഴിഞ്ഞ വർഷത്തെ മികച്ച ആനിമേറ്റർമാരായി ഹയർ സെക്കൻഡറി വിഭാഗത്തിൽ ശ്രീമതി അനിത ബാബുവും ഹൈസ്ക്കൂൾ വിഭാഗത്തിൽ സി. റെജി ആന്റണി എഫ്. സി. സിയും യു. പി വിഭാഗത്തിൽ സി. ലിസിയമ്മ പി. സിയും അർഹരായി. പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടിയ ആനിമേറ്റേഴ്സ് സംഗമത്തിൽവച്ച് മാർ ജേക്കബ് മുരിക്കൻ അവാർഡുകൾ സമ്മാനിച്ചു.

**ഫാ. കുര്യൻ തടത്തിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂത്ത് അംഗങ്ങൾ ആദ്യവെള്ളിയാഴ്ച തോറും നടത്താറുള്ള ജാഗരണ പ്രാർത്ഥന ജൂലൈ 6-ന് അരുണാപുരം ഇടവകയിൽ നടന്നു. ബേബിച്ചൻ കുന്നപ്പള്ളി വചനസന്ദേശം നൽകി. ഫാ. കുര്യൻമറ്റം, ഫാ. സിറിൽ തയ്യിൽ, ആൽവിൻ സ്കറിയ, ബിജീഷ് എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**2. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച യുവജനസംഗമം ജൂലൈ 14-ന് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. സിറിൽ തയ്യിൽ 'യു ക്യാറ്റ്' വിശകലനം നൽകി. വചനം പങ്കുവയ്ക്കുകയും വിവിധ മിനിസ്ട്രികളുടെ ലീഡേഴ്സിന്റെ അഭിഷേക പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടന്നു. ഫാ. കുര്യൻ മറ്റം, ആൽവിൻ സ്കറിയ, പ്രണോയി ടോമി, ക്ലിജോ കണിയാമ്പടി, സച്ചിൻ മാത്യൂസ്, സ്റ്റാനി എന്നിവർ നേതൃത്വം നൽകി.

**3. ജീസസ് യൂത്ത് പരിശീലനപദ്ധതികൾ**

ജീസസ് യൂത്തിന്റെ തുടർപരിശീലനത്തിന്റെ ഭാഗമായ പോൾ കോഴ്സ് ജൂലൈ 1-നും രണ്ടാംഘട്ടം ജൂലൈ 15നും എമ്മാവൂസ് കോഴ്സ് ജൂലൈ 22-നും പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. റെജി കുന്നേൽ, മാത്യു എം. കുര്യാക്കോസ്, ജെറിൻ മാത്യു, ജോസ് മാത്യു, സുനു സാജ് തുടങ്ങിയവർ നയിച്ചു.

**4. വചനപഠനധ്യാനം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 15,16,17,18 തീയതികളിൽ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ ഒരു വചനപഠനധ്യാനം നടന്നു. ഫാ. കുര്യൻമറ്റം, ബ്ര. നന്ദു ജോൺ, സി. കാതറെൻ, ആന്റോ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**5. തിയോസ് ധ്യാനം**

വി. ജോൺ പാപ്പായുടെ Theology of Body എന്ന പ്രബോധന പരമ്പരകളുടെ അടിസ്ഥാനത്തിലുള്ള 'തിയോസ്' ധ്യാനം ജൂലൈ 20,21,22 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ നടന്നു. ബാബു ജോൺ (യു.എസ്.എ) പ്രധാനക്ലാസുകൾ നയിച്ചു. ഫാ. കുര്യൻ മറ്റം, സ്റ്റാനി, ആൽവിൻ സ്കറിയ, ക്ലിജോ

കണിയാമ്പടി, സച്ചിൻ മാത്യൂസ്, സി. ജോൺസി എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

**6. ഹൗസ് ഹോൾഡ് സമ്മേളനവും വാർഷികവും**

അരുവിത്തുറ ഹൗസ് ഹോൾഡ് സമ്മേളനവും വാർഷികവും ജൂലൈ 8-ന് മിനി പാരിഷ് ഹാളിൽ നടന്നു. ഫാ. കുര്യൻമറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ സന്ദേശങ്ങൾ നൽകി. സേവ്യർ, റെജി കുന്നേൽ, ജെറിൻ മാത്യു, ജോസ് മാത്യു, തങ്കച്ചൻ, സി. മേരിലിറ്റ്, സി.ദീപ്തി, സി. ക്ലെയർ എന്നിവർ നേതൃത്വം കൊടുത്തു.

**7. ഹൗസ് ഹോൾഡ് പാലാ**

പാലായിലെ ഹൗസ് ഹോൾഡ് സമ്മേളനം ഷാലോം പാസ്റ്ററൽ സെന്ററിൽ ജൂലൈ 29 നു നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ആൽവിൻ സ്കറിയ, പ്രണോയി ടോമി, സച്ചിൻ മാത്യൂസ് എന്നിവർ നേതൃത്വം നല്കി.

**8. ജീസസ് യൂത്ത് സംഗമം**

ജീസസ് യൂത്തിലെ മുതിർന്ന തലമുറയിൽപെട്ടവരുടെ ഒരു സമ്മേളനം ജൂലൈ 27-ന് ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം മുഖ്യപ്രഭാഷണം നടത്തി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ (ഡിറക്ടേഴ്സ്)**

## കെയർ ഹോംസ്

**1. മറ്റത്തിപ്പാറ സാന്തോം വില്ലേജ് വാർഷികാഘോഷം**

മറ്റത്തിപ്പാറ സാന്തോം വില്ലേജിന്റെ ഒന്നാം വാർഷികാഘോഷം ഹാളിൽ വച്ച് നടത്തി. കുറവിലങ്ങാട് എ.കെ.സി.സി. സമ്മാനിച്ച കുറവിലങ്ങാട് മുത്തിയമ്മയുടെ തിരുസ്വരൂപം പ്രതിഷ്ഠ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് നിർവ്വഹിച്ചു. കുറവിലങ്ങാട് മർത്ത്മറിയം ആർച്ചു ഡീക്കൻ തീർത്ഥാടന ദൈവാലയ വികാരി റവ.ഡോ. ജോസഫ് തടത്തിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ ആശംസകളർപ്പിച്ചു.

**2. അനുശോചിച്ചു.**

പൂവക്കുളം ഓൾഡ് ഏജ് ഹോമിലെ മദർ സിസ്റ്റർ മെറിൻ തേവലക്കാട്ടിന്റെ പിതാവ് പീറ്ററിന്റെ (96 വയസ്) നിര്യാണത്തിൽ കെയർഹോംസ് നേതൃസമിതി അനുശോചിക്കുകയും മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

സ്നേഹഗിരി സന്യാസസഭാംഗമായ സിസ്റ്റർ നൈർമല്യ, സി. റെനി എന്നിവരുടെ മാതാവ് പേഴത്തുങ്കൽ ത്രേസ്യാമ്മയുടെ (97 വയസ്സ്) നിര്യാണത്തിൽ കെയർ ഹോംസ് പാലാരൂപത അനുശോചിച്ചു.

തുടങ്ങനാട് ജീസസ് കെയർഹോംസിന്റെ അംഗമായ ബ്രിജിത്താ ഉപ്പിടുപാറയിലിന്റെ (72 വയസ്സ്) നിര്യാണത്തിൽ കെയർഹോംസ് രൂപതാ സമിതി അനുശോചിച്ചു.

**3. നാമഹേതുകതിരുനാൾ മംഗളങ്ങൾ ആശംസിച്ചു.**

കെയർഹോംസ് പാലാ രൂപതയുടെ നേതൃത്വത്തിൽ നാമഹേതുകതിരുനാളാഘോഷിക്കുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിനെ രൂപതാസമിതി അംഗങ്ങൾ ആശംസകളർപ്പിച്ചു.

**4. പാസ്റ്ററൽ കൗൺസിൽ സമ്മേളനം**

പാലാ രൂപതയുടെ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ കെയർഹോംസ് പ്രതിനിധികളായ സിസ്റ്റർ വനജ ചുവപ്പുങ്കൽ, സിബി ചെരുവിൽ പുരയിടം തുടങ്ങിയവർ പങ്കെടുത്തു.

**5. സന്ദർശിച്ചു**

സ്നേഹഗിരി സന്യാസ സമൂഹത്തിന്റെ സ്ഥാപനങ്ങളായ ചെത്തിമറ്റം ദൈവദാൻ സെന്റർ, ജൂബിലിഭവൻ എന്നിവ സന്ദർശിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# ഡി.സി.എം.എസ്.

**1. ഉദ്യോഗസ്ഥ സെമിനാർ**

2018 മെയ് 12 ശനിയാഴ്ച 10 മുതൽ 4 വരെ മുണ്ടുപാലം ബ്ലെസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഉദ്യോഗസ്ഥസംഗമം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിന് നേതൃത്വം നൽകി. ശ്രീ. ജോർജ് കരുണയ്ക്കൽ ഉദ്യോഗസ്ഥർക്ക് ക്ലാസ് നയിച്ചു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ മാത്യു കുന്നുംപുറം, വൈസ് പ്രസിഡന്റ് എൻ.ഡി.സെലിൻ, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ മറ്റ് രൂപതാ ഭാരവാഹികളും സെമിനാറിൽ പങ്കെടുത്തു.

**2. കരിയർ ഗൈഡൻസ് ക്യാമ്പ്**

2018 മെയ് 30, 31 തീയതികളിൽ 10, +12, ഡിഗ്രി വിദ്യാർത്ഥികൾക്കായി മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ.ജോസ് വടക്കേക്കുറ്റ് ക്യാമ്പിന് നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, വൈസ് പ്രസിഡന്റ് എൻ.ഡി.സെലിൻ, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്യാമ്പ് നയിച്ചു.

**3. രൂപതാ കൗൺസിൽ**

2018 മെയ് 27-ാം തീയതി ഞായറാഴ്ച 1.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കൗൺസിൽ നടത്തപ്പെട്ടു. വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് 2 പി.എം.ന് 2018-221 കാലഘട്ടത്തിലെ രൂപതാ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും പ്രവർത്തനോദ്ഘാടനവും അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം സ്വാഗതം ആശംസിച്ചു. രൂപതാ സെക്രട്ടറി ശ്രീ ജോണി ജോസഫ് പരമല കർമ്മരേഖ അവ

തരിപ്പിച്ചു. വൈസ് പ്രസിഡന്റ് എൻ.ഡി.സെലിൻ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

**4. ജീവിതദർശനക്യാമ്പ്**

ഇലഞ്ഞിമേഖല : 2018 മെയ് 3,4,5 തീയതി ഇലഞ്ഞി സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ്.ൽ വച്ച് ഇലഞ്ഞി മേഖല ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലാ ഡയറക്ടർ ഫാ. ജോസ് മേയിക്കൽ സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്ത്, പി.ഒ. പീറ്റർ, സെലിൻ ജോസഫ് എന്നിവർ ആശംസയർപ്പിച്ചു. ശ്രീ. ജോണി പരമല, ജോബി തോമസ് നിരപ്പേൽ, ശ്രീമതി കത്രിക്കുട്ടി എ.പി, ജോസ് ചേന്നാട്ട്, ശ്രീമതി റാണിപോൾ, മേഖലാ ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ, എക്സൈസ് ഓഫീസർ ശ്രീ. ജോർജ് എന്നിവർ ക്ലാസ്സെടുത്തു. ഇ.എം. പൈലി, ബിബിൻ മാത്യു, ജോർജ് ജോസഫ്, സാലി ചാക്കോ മഞ്ഞനാൽ എന്നീ മേഖലാ ഭാരവാഹികൾ ക്യാമ്പ് നേതൃത്വം കൊടുത്തു. ക്യാമ്പിൽ പങ്കെടുത്തു കുട്ടികൾക്ക് ഇലഞ്ഞി വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ സംഭാവന ചെയ്ത നോട്ടുബുക്കുകൾ വിതരണം ചെയ്യുകയും ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാനം നൽകുകയും ചെയ്തു. ക്യാമ്പിൽ കുട്ടികൾ പങ്കെടുത്തു.

**5. രാമപുരം -കടനാട് മേഖല**

2018 മെയ് 9,10,11 തീയതികളിൽ രാമപുരം സേക്രട്ട് ഹാർട്ട് ഗേൾസ് എച്ച്.എസിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മേഖല ഡയറക്ടർ ഫാ. ജോസഫ് വയലിൽ സ്വാഗതവും ഫൊറോന വികാരി വെരി. റവ.ഡോ. ജോർജ് ഞാറക്കുന്നേൽ ഉദ്ഘാടനവും നിർവ്വഹിച്ചു. ഫാ. ജോർജ് പോളച്ചിറ കുന്നുംപുറം സന്ദേശം നൽകി. വൈസ് പോസ്റ്റുലേറ്റർ റവ.ഫാ. സെബാസ്റ്റ്യൻ നടുത്തടം, ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, പി.ഒ. പീറ്റർ പാറയിൽ, സെലിൻ ജോസഫ്, തോമസ് കൊട്ടച്ചേരിയിൽ, ബേബി പാറയ്ക്കൽ, ജോഷി ഏറത്ത് എന്നിവർ ആശംസയർപ്പിച്ചു. മേഖല സെക്രട്ടറി അഞ്ജുമോൾ ജോസഫ് കൃതജ്ഞതയർപ്പിച്ചു. റവ.ഫാ. സെബാസ്റ്റ്യൻ നടുത്തടം, ശ്രീ. സുജിത്ത് തോമസ്, ശ്രീമതി കത്രിക്കുട്ടി എം.പി., ശ്രീ. ജോണി പരമല, ശ്രീമതി റാണി പോൾ, സിബി ചേലപ്പുറത്ത് ജനമൈത്രി പോലീസ് ശ്രീ. സിബി എൻ. തങ്കപ്പൻ, പി.ഒ. പീറ്റർ എന്നിവർ ക്ലാസ്സെടുത്തു. കെ.എം. തോമസ്, അഞ്ജു മോൾ ജോസഫ്, ജോഷി ജോസഫ്, ബേബി ആന്റണി, മീന ലൈജു, തങ്കച്ചൻ ജോസഫ് എന്നീ മേഖല ഭാരവാഹികൾ ക്യാമ്പ് നേതൃത്വം കൊടുത്തു. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു.

**6. ചേർപ്പുങ്കൽ മേഖല**

2018 മെയ് 19,20,21 തീയതികളിൽ ചേർപ്പുങ്കൽ മേഖല ക്യാമ്പ് നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീമതി ബിന്ദു ബിജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ

യോഗത്തിൽ മേഖല ഡയറക്ടർ ഫാ. കുര്യാക്കോസ് പുളിന്താനം സ്വാഗതമാശംസിച്ചു. ഫൊറോന റവ.ഫാ. ജോസ് അഞ്ചേരിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. റവ.ഫാ. ജയിംസ് മടിക്കാങ്കൽ, ശ്രീ. ജസ്റ്റിൻ കുന്നുംപുറത്ത്, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, ശ്രീമതി സെലിൻ ജോസഫ്, ശ്രീ. അജിൻ ടോം ജോസഫ് എന്നിവർ സംസാരിച്ചു. ശ്രീ. സിജു സെബാസ്റ്റ്യൻ, ശ്രീ. ജോണി പരമല, ശ്രീമതി റാണി പോൾ, ഫാ. തോമസ് തയ്യിൽ, ശ്രീ. ജോബി തോമസ്, സി.ആർ.ഒ. ശ്രീ. ബിനോയ് തോമസ്, ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്യാമ്പ് നയിച്ചു. ബിന്ദു സെബാസ്റ്റ്യൻ, അജിൻ ടോം, ജസ്റ്റിൻ ജോസ് എന്നീ മേഖലഭാരവാഹികൾ ക്യാമ്പ് നേതൃത്വം കൊടുത്തു. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം സമ്മാനം നൽകുകയും ചെയ്തു.

**7. അരുവിത്തുറ മേഖല**

2018 മെയ് 21,22,23 തീയതികളിൽ അരുവിത്തുറ മേഖല ക്യാമ്പ് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് മേഖല ഡയറക്ടർ ഫാ. മാത്യു തുരുത്തിപ്പിള്ളിൽ സ്വാഗതമാശംസിക്കുകയും ഫൊറോന വികാരി വെരി. റവ.ഫാ. തോമസ് വെടിക്കുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്ത്, പി.ഒ. പീറ്റർ, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, സെലിൻ ജോസഫ് എന്നിവർ സംസാരിച്ചു. ശ്രീ. ജോണി പരമല, ശ്രീമതി ഗീതമ്മ എം.യു., ശ്രീമതി റാണിപോൾ, ശ്രീ. ബെന്നി സെബാസ്റ്റ്യൻ, ശ്രീ. ജോബി തോമസ്, ശ്രീമതി കത്രിക്കുട്ടി എം.പി., ഫാ. ജോസ് വടക്കേക്കുറ്റ്, ഫാ. തോമസ് തയ്യിൽ, ഫാ. മാണി കൊഴുപ്പൻകുറ്റി എന്നിവർ ക്ലാസ്സെടുത്തു.

**8. കോനല്ലൂർ-മുട്ടുചിറ മേഖല**

2018 മെയ് 17,18,19 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീ. ബിപിൻ ബേബിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മേഖല സെക്രട്ടറി ശ്രീ. തോമസ് സി.ടി. സ്വാഗതം ആശംസിക്കുകയും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, ശ്രീമതി സെലിൻ ജോസഫ്, ശ്രീ. ബിനോയി ജോൺ അമ്പലകട്ടയിൽ എന്നിവർ സംസാരിച്ചു. ഫാ. തോമസ് തയ്യിൽ, ശ്രീ. സുജിത്ത് തോമസ്, ശ്രീ. സിബു സെബാസ്റ്റ്യൻ, ഫാ. മാത്യു മുതുപ്ലാക്കൽ, ശ്രീമതി റാണിപോൾ, ശ്രീമതി കത്രിക്കുട്ടി എം.പി, ശ്രീ. ജോണി പരമല, ശ്രീ. ബിനോയി തോമസ്, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, ശ്രീ. ഫ്രാൻസീസ് അരക്കപറമ്പിൽ കൃതജ്ഞതയർപ്പിച്ചു. ബിബിൻ ബേബി, ടി.സി. തോമസ്, ദേവസ്യ പി.റ്റി., വി.വി. തോമസ്, മേഴ്സി സെബാസ്റ്റ്യൻ, കെ.ടി. ബാബു എന്നീ മേഖലാ ഭാരവാഹികൾ ക്യാമ്പ് നേതൃത്വം കൊടുത്തു. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാനം നൽകുകയും ചെയ്തു.

**9. തുടങ്ങനാട്, മൂലമറ്റം, പ്രവിത്താനം, ഭരണങ്ങാനം മേഖല**

2018 മെയ് 23,24,25 തീയതികളിൽ മുണ്ടുപാലം കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മേഖല ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേ

ക്കുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതകമ്മറ്റിയംഗം ബിന്ദു സെബാസ്റ്റ്യൻ സ്വാഗതമാശംസിക്കുകയും ചെയ്തു. ശ്രീ. ജസ്റ്റിൻ മാത്യു കുന്നും പുറം, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, ശ്രീമതി സെലിൻ ജോസഫ്, ശ്രീ. തോമസ് അബ്രാഹം നടുക്കുടി, ശ്രീമതി ജിൻസി ജോസ് വാലിമറ്റത്തിൽ, ശ്രീ. ജോസഫ് പാറയിൽ, ശ്രീമതി സെലിൻ ജോസഫ്, ശ്രീ. ചാക്കോ അന്ത്രയോസ്, ശ്രീ. ജോയി മാത്യു, ശ്രീമതി ഹെലൻ ജോസഫ്, ശ്രീ. കെ.പി. രാജു എന്നിവർ സംസാരിച്ചു. ശ്രീ. സിജു സെബാസ്റ്റ്യൻ, ശ്രീമതി ബിന്ദു ബിജു, ശ്രീ. സുജിത്ത് തോമസ്, ശ്രീമതി റാണി പോൾ, ശ്രീ. ജോണി പരമല, റവ.സി. ലിയോബ എഫ്.സി.സി, ശ്രീമതി മിനി പി. വിജയൻ, ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്ലാസെടുത്തു. ചാക്കോ അന്ത്രയോസ്, രാജു കെ.പി., ജോയി മാത്യു എന്നീ മേഖലഭാരവാഹികൾ ക്യാമ്പ് നേതൃത്വം കൊടുത്തു. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു.

**10. പാലാ മേഖല**

2018 മെയ് 21,22,23 തീയതികളിൽ പാലാ മേഖല ക്യാമ്പ് നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീമതി ഡെയ്സി ജേക്കബിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത സെക്രട്ടറി ശ്രീ. ജോണി പരമല സ്വാഗതം ആശംസിക്കുകയും രൂപത ശ്രീ. ജോണി പരമല സ്വാഗതം ആശംസിക്കുകയും രൂപത ഡയറക്ടർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ.ഫാ. തോമസ് ഓലായത്തിൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്ത്, ശ്രീ. പി.ഒ. പീറ്റർ പാറയിൽ, ശ്രീമതി സെലിൻ ജോസഫ്, ശ്രീമതി ബീന സേവ്യർ, ശ്രീമതി ബിജി അഗസ്റ്റിൻ എന്നിവർ സംസാരിച്ചു. ശ്രീ. സിജു സെബാസ്റ്റ്യൻ, ശ്രീമതി റാണി പോൾ, ശ്രീ. സുജിത്ത് തോമസ്, ശ്രീമതി കത്രിക്കുട്ടി എം.പി., ഫാ. തോമസ് ഓലായത്തിൽ, സി.ആർ.ഒ. ശ്രീ. ബിനോയി തോമസ്, ശ്രീ. പി.ഒ. പീറ്റർ എന്നിവർ സംസാരിച്ചു. ഡെയ്സി ജേക്കബ്, അന്നമ്മ കെ.പി., ജോണി ജോസഫ് എന്നീ മേഖല ഭാരവാഹികൾ ക്യാമ്പ് നേതൃത്വം കൊടുത്തു. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്ധ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു.

**11. കുറവിലങ്ങാട് മേഖല**

2018 മെയ് 7,8,9 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കുറവിലങ്ങാട് മേഖല ക്യാമ്പ് നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീ. ആൽവിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത കമ്മിറ്റി മെമ്പർ ശ്രീമതി മേരി എം.പി. സ്വാഗതമാശംസിക്കുകയും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജസ്റ്റിൻ മാത്യു കുന്നുംപുറം ജോസഫ് ഉരുളേൽ എന്നിവർ സംസാരിച്ചു. ശ്രീ. സിജു സെബാസ്റ്റ്യൻ, ശ്രീമതി കത്രിക്കുട്ടി, ശ്രീ. സുജിത്ത് തോമസ്, ശ്രീമതി റാണി പോൾ, ശ്രീ. ജോണി പരമല, ഫാ. തോമസ് തയ്യിൽ, ശ്രീ. ബിനോയ് തോമസ്, ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്ലാസ്സെടുത്തു. ജിൻസി ജോസ്, സിനി സിബു, ജോസഫ് ജോസഫ്, തോമസ് എബ്രാഹം, ലിന്റേ ബെന്നി, ഫ്രാൻസീസ് ദേവസ്യ, എം.സി. ജോസഫ്, ആഗസ് ജോസഫ് എന്നിവർ നേതൃത്വം നൽകി.

**12. രൂപതാ കമ്മിറ്റി**

2018 ജൂൺ 3-ാം തീയതി ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി.

**13. ഉദ്യാഗസ്ഥ-ഉദ്യോഗാർത്ഥി സംഗമം**

2018 ജൂൺ 15 വെള്ളിയാഴ്ച മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഉദ്യാഗസ്ഥ സെമിനാർ നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ.ജോസ് വടക്കേക്കുറ്റ് സംഗമത്തിന് നേതൃത്വം നൽകി. ശ്രീ ജോർജ് കരുണയ്ക്കൽ നേതൃത്വവും സാമുദായിക പുരോഗതിയും എന്ന വിഷയത്തേക്കുറിച്ച് ക്ലാസെടുത്തു. പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, വൈസ് പ്രസിഡന്റ് എൻ.ഡി.സെലിൻ എന്നീ രൂപതാ ഭാരവാഹികളും പങ്കെടുത്തു.

**14. മെരിറ്റ് ഡേയും സ്കോളർഷിപ്പ് വിതരണവും**

2018 ജൂൺ 17-ാം തീയതി ഞായറാവ്ച പാലാ രൂപത ഡി.സി.എം.എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി., +12, പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയതും മികച്ചവിജയം കൈവരിച്ചതുമായ വിദ്യാർത്ഥികളെ അനുമോദിക്കുകയും സ്കോളർഷിപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു. സന്ന്യാസ സമൂഹങ്ങൾ ഏർപ്പെടുത്തിയ സ്കോളർഷിപ്പുകളും പ്രസ്തുത സമ്മേളനത്തിൽ വിതരണം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, ഷലോം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. തോമസ് മേനാച്ചേരി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സിജു സെബാസ്റ്റ്യൻ, സിറ്റർ ക്ലെയർ മരിയ, സി. കൃപാ, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, എൻ.ഡി.സെലിൻ എന്നിവർ സംസാരിച്ചു.

**15. കരിയർ ഗൈഡൻസ് ക്യാമ്പ്**

2018 ജൂൺ 15,16,17 തീയതികളിൽ 10, +2 വിദ്യാർത്ഥികൾക്കായി മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പിന് നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, വൈസ് പ്രസിഡന്റ് ശ്രീമതി എൻ.ഡി. സെലിൻ, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്യാമ്പ് നയിച്ചു.

**16. മേഖല ഭാരവാഹികളുടെ യോഗം**

2018 ജൂൺ 24-ാം തീയതി ഞായറാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മേഖല ഭാരവാഹികളുടെ യോഗം കൂടുകയുണ്ടായി. യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. യോഗത്തിൽ രൂപതാ പ്രസിഡന്റ് ജസ്റ്റിൻ മാത്യു കുന്നുംപുറം വൈസ് പ്രസിഡന്റ് എൻ.ഡി. സെലിൻ ഓർഗനൈസർ പി.ഒ. പീറ്റർ എന്നിവർ പങ്കെടുത്തു.

**17. സംസ്ഥാന കൗൺസിൽ യോഗം**

എറണാകുളം പി.ഒ.സിയിൽ വച്ച് നടന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ പാലാ രൂപതയിൽനിന്നും രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം, പി.ഒ. പീറ്റർ പാറയിൽ,

എൻ.ഡി. സെലിൻ എന്നിവർ പങ്കെടുത്തു. മാർ ജേക്കബ് മുരിക്കൻ സിൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ്, വാണിയപുരയ്ക്കൽ പിതാവ്, സംസ്ഥാന ഡയറക്ടർ റവ.ഫാ. ഷാജ്കുമാർ CBCI, KCBC, SCST BC സെക്രട്ടറി ദേവസഹായരാജ് എന്നിവരും സംസ്ഥാന കൗൺസിൽ യോഗത്തിൽ മുഖ്യാതിഥികളായിരുന്നു.

**18. അനുശോചിച്ചു.**

പാലാ രൂപത പാസ്റ്ററൽ കൗൺസിൽ അംഗവും കൊണ്ടാട് യൂണിറ്റ് പ്രസിഡന്റുമായിരുന്ന ശ്രീ. എം.എം. ജോസഫ് കവടിയാംകുന്നേലിന്റെ നിര്യാണത്തിൽ ഡി.സി.എം.എസ്. രൂപതാ സമിതി അനുശോചിച്ചു. പരേതന്റെ ഭവനത്തിലെത്തി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഒപ്പീസും പ്രാർത്ഥനയും നടത്തി. മാർ ജേക്കബ് മുരിക്കൻ പിതാവ് ദേവാലയത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. രൂപതാ വികാരി ജനറാൾമാർ ഷലോം പാസ്റ്ററൽ സെന്ററിലെ വിവിധ ഡയറക്ടർമാർ അനേകം വൈദികർ സിസ്റ്റേഴ്സ് ഡി.സി.എം.എസ്. സംഘടനയുടെ സംസ്ഥാനരൂപതാ നേതാക്കന്മാർ പ്രവർത്തകർ രാഷ്ട്രീയനേതാക്കന്മാർ എന്നിവർ ഭവനത്തിലെത്തി അന്ത്യോപചാരമർപ്പിക്കുകയും മൃതസംസ്കാരശുശ്രൂഷകൾ ചെയ്യുകയും ചെയ്തു.

**19. രൂപതാ കമ്മറ്റി**

2018 ജൂലായ് 1-ാം തീയതി 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ കമ്മറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖ പ്രഭാഷണം നടത്തി. രൂപതാ ഓർഗനൈസർ പി.ഒ.പീറ്റർ അദ്ധ്യക്ഷത വഹിച്ചു. സെലിൻ ജോസഫ് സ്വാഗതവും ബിജി സാലസ് കൃതജ്ഞതയും പറഞ്ഞു.

**20. റിസോഴ്സ് ടീം സംഗമം**

2018 ജൂലായ് 1-ാം തീയതി ഉച്ചകഴിഞ്ഞ് 2-ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് റിസോഴ്സ് ടീം ട്രെയിനിംഗ് പൂർത്തിയാക്കിയ കുട്ടികൾക്കുവേണ്ടിയുള്ള മീറ്റിംഗ് നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് കുട്ടികൾക്ക് സന്ദേശവും നൽകി. രൂപതാ ഭാരവാഹികളായ എൻ.ഡി. സെലിൻ, ബിജി അഗസ്റ്റിൻ, പി.ഒ.പീറ്റർ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

**21. രൂപതാ കമ്മറ്റി**

2018 ജൂലായ് 8-ാം തീയതി 10.30 ന് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ കമ്മറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖ പ്രഭാഷണം നടത്തി. രൂപതാ കമ്മറ്റിയംഗം ശ്രീ ബിനോയി ജോൺ കമ്മറ്റിക്ക് സ്വാഗതം പറഞ്ഞു. സെക്രട്ടറി ശ്രീ. ജോണി ജോസഫ് പരമല റിപ്പോർട്ടവതരണം നടത്തി. 11 പേർ യോഗത്തിൽ പങ്കെടുത്തു.

**22. സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ഫോം ഡി.സി.എം.എസ്. രൂപതാ ഓഫീസിൽ ലഭ്യമാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെ.എൽ.എം.

**1. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്**

അംഗപരിമിത വിദ്യാർത്ഥികളുടെ പഠനത്തിന് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് വിദ്യാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. പ്ലസ് വൺ മുതൽ ഉയർന്നക്ലാസുകളിൽ പഠനം നടത്തുന്ന 40 ശതമാനത്തിൽ കുറയാത്ത അംഗപരിമിതിയുള്ളതും 250000 രൂപയിൽ കവിയാത്ത കുടുംബവാർഷികവരുമാനമുള്ളതുമായ വിദ്യാർത്ഥികൾക്ക് ഒക്ടോബർ 31-നു മുമ്പ് അപേക്ഷ സമർപ്പിക്കുക. വിശദവിവരങ്ങൾക്ക് www.scholarships.gov.in. Ph : 04712306580, 9446096580.

**2. വിദ്യാഭ്യാസസഹായവുമായി ബാംഗ്ലൂർ കേരളസമാജം**

നിർധനരായ മലയാളി വിദ്യാർത്ഥികൾക്ക് ഒരു കോടി രൂപയുടെ വിദ്യാഭ്യാസസഹായപദ്ധതിയുമായി ബാംഗ്ലൂർ കേരള സമാജം രംഗത്ത്. ഈ അദ്ധ്യയനവർഷം ബാംഗ്ലൂരിലെ വിവിധ അംഗീകൃത വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പഠനത്തിനാണ് സഹായം നൽകുന്നത്. ബി.എസ്.സി. നേഴ്സിംഗിന് ഇരുപത്തിയഞ്ചു സീറ്റുകളും ബി.കോം, എം.ബി.എ. തുടങ്ങി വിവിധ പ്രഫഷണൽ കോഴ്സുകളിലും പഠിക്കുന്നവർക്കാണ് ജിയാം ഫൗണ്ടേഷൻ വിദ്യാഭ്യാസ സഹായം നല്കുന്നത്. അർഹരായ വിദ്യാർത്ഥികൾ keralasamajambangalore@gmail.com ൽ അപേക്ഷിക്കാവുന്നതാണ്. ഫോൺ : 9845222688.

**3. ഇന്ത്യൻ ഓയിലിൽ 50 ജൂണിയർ ഓപ്പറേറ്റർ**

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കിഴക്കൻമേഖലയിൽ വിവിധ സംസ്ഥാനങ്ങളിലായിലുള്ള ജൂണിയർ ഓപ്പറേറ്റർ ഏവിയേഷൻ തസ്തികയിൽ 50 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 45% മാർക്കോടെ പ്ലസ്ടു, ഹെവി വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസും ഒരു വർഷത്തെ ഹെവി ഡ്രൈവിംഗ് പരിചയവും ഉണ്ടാവണം. പ്രായം 18-26. അപേക്ഷാ ഫീസ് 150 രൂപ. അപേക്ഷ ഓൺലൈനായി www.iocl.com എന്ന വെബ്സൈറ്റിൽ സമർപ്പിക്കണം.

**4. കൊച്ചി നേവൽഷിപ്പ്യാർഡിൽ 128 അപ്രന്റീസ്**

നേവൽ ഷിപ്പിയാർയാഡിനു കീഴിലുള്ള അപ്രന്റീസ് ട്രെയിനിംഗ് സ്കൂളിൽ അപ്രന്റീസ്ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി., ഐ.ടി.ഐ. മാർക്കിന്റെ അടിസ്ഥാനത്തിൽ എഴുത്തു പരീക്ഷ ഉണ്ടായിരിക്കും. അപേക്ഷ www.cochinshipyard.com എന്ന വെബ്സൈറ്റിൽ അപേക്ഷിക്കുക.

**5. ബെല്ലിൽ എൻജിനീയർ 180 ഒഴിവുകൾ**

പ്രതിരോധവകുപ്പിനുകീഴിൽ പ്രവർത്തിക്കു ഭാരത് ഇലക്ട്രോണിക് ലിമിറ്റഡിന് എൻജിനീയർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഇലക്ട്രോണി

ക്സ്, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ, ഇൻഫർമേഷൻ ടെക്നോളജി മേഖലയിലാണ് ഒഴിവുകൾ. യോഗ്യത അനുബന്ധ ട്രേഡിൽ ബി.എ/ബി.ടെക്. ഒരു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടാവണം. അപേക്ഷ www.bel.india.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**6. നേഴ്സുമാർക്ക് സൈന്യത്തിൽ ചേരാം.**

നേഴ്സിംഗിൽ ബി.എസ്.സി./എ.എസ്.സി. യോഗ്യതയുള്ളവർക്ക് മിലിട്ടറി നേഴ്സിംഗ് സർവ്വീസിലേയ്ക്ക് ക്ഷണിച്ചു. സ്ത്രീകൾക്കു മാത്രമേ അപേക്ഷിക്കാവൂ. യോഗ്യത എം.എസ്.സി., ഹോസ്റ്റ് ബേസിക് ബി.എസ്.സി., ബി.എസ്.സി. നേഴ്സിംഗ്. പ്രായം 1983 ജൂലൈ 10നും 1997 ലെ 11 നും ഇടയിൽ ജനിച്ചവരായിരിക്കണം. അവിവാഹിതർ/വിവാഹമോചനം നേടിയവർ/ വിധവകൾ എന്നിവിഭാഗങ്ങളിൽപെടുന്നവരായിരിക്കണം. അപേക്ഷ www.joinindianarmy.nic.in എന്ന വെബ്സൈറ്റുവഴി ഓൺലൈനായി അപേക്ഷിക്കുക.

**7. ബി.എസ്.എഫിൽ പാരാമെഡിക്കൽ ഒഴിവുകൾ**

ബി.എസ്.എഫിൽ ഗ്രൂപ്പ് ബി, ഗ്രൂപ്പ് സി നോൺ ഗസ്റ്റഡ് ഓഫീസർ തസ്തികയിലെ പാരാ മെഡിക്കൽ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.

1. യോഗ്യത : സയൻസ് പ്ലസ്ടു / തത്തുല്യം. മൂന്നാവർഷത്തെ ജനറൽ നേഴ്സിംഗ് ഡിപ്ലോമ. കേന്ദ്ര-സംസ്ഥാന നേഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കണം. രണ്ടുവർഷത്തെ പ്രവൃത്തിപരിചയം. പ്രായം 21 മുതൽ 30 വയസ്സുവരെ.

2) എ.എസ്.ഐ. ഫാർമസിസ്റ്റ്. 1 സ്ത്രീ/പുരുഷൻ. 20 ഒഴിവ്. പ്രായം 30 മുതൽ 30 വയസ്സുവരെ.

3) എ.എസ്.ഐ. ഓപ്പറേഷൻ തിയറ്റർ അസിസ്റ്റന്റ് (സ്ത്രീ/പുരുഷൻ) പ്രായം 20 മുതൽ 25 വയസ്സുവരെ.

4) ഹെഡ്കോൺസ്റ്റബിൾ ഇലക്ട്രീഷ്യൻ. യോഗ്യത പത്താംക്ലാസ്.

5) കോൺസ്റ്റബിൾ ഡ്രസ്സർ – 1 ഒഴിവ്

6) കോൺസ്റ്റബിൾ പ്യൂൺ – 1 ഒഴിവ്

7) കോൺസ്റ്റബിൾ മസാൽച്ചി – 1 ഒഴിവ്

അപേക്ഷിക്കേണ്ടവിധം www.bsf.gov.in എന്ന വെബ്സൈറ്റിൽ മുഖേന അപേക്ഷിക്കുക.

**8. സൗദി അറേബ്യയിലേയ്ക്ക് നേഴ്സുമാരെ നിയമിക്കുന്നു.**

സൗദി അറേബ്യയിലെ അൽമൗവാസാത്ത് ആശുപത്രി നേഴ്സ് (വനിത) ലാബ് ടെക്നീഷ്യൻ (വനിത), റെസ്പാരേറ്ററി തെറാപ്പിസ്റ്റ് (വനിത) സി.എസ്.എസ്.ഡി. ടെക്നീഷ്യൻ (പുരുഷൻ) എക്സറേ ടെക്നീഷ്യൻ (വനിത)

തസ്തികളിലേക്ക് ഉദ്യോഗാർത്ഥികളെ നോർക്ക റൂട്സ് മുഖേന തെരഞ്ഞെടുക്കുന്നു. www.norkaroots.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മേഖല ഭാരവാഹികളുടെ മീറ്റിംഗ്**

ഡിഎഫ്സി. പാലാ രൂപതയിലെ വിവിധ ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം പുതിയ കർമ്മപരിപാടികളെക്കുറിച്ച് വിശദീകരിച്ചു.

**2. പരിസ്ഥിതിദിനാചരണം നടത്തി**

a. ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ എൻ.എസ്.എസ്. യൂണിറ്റിന്റെ സഹകരണത്തോടെ പരിസ്ഥിതിദിനാചരണം നടത്തി. പ്രിൻസിപ്പൽ ജോബിച്ചൻ ജോസഫ് പതിപ്പള്ളിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം വൃക്ഷത്തൈ നൽകി പരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്തു.

b. മുണ്ടാങ്കൽ ലിറ്റിൽ ഫ്ളവർ സ്കൂൾ

ഡിഎഫ്.സി.യുടെ നേതൃത്വത്തിൽ സ്കൂളിൽ പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ സാൽവി മാനുവൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കരൂർ കൃഷി ഓഫീസർ ജൂലി എലിസബത്ത് വൃക്ഷത്തൈ നട്ട് പരിസ്ഥിതിദിനം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം പരിസ്ഥിദിനസന്ദേശം നൽകി.

c) ളാലം സെന്റ് മേരീസ് എൽ.പി. സ്കൂൾ

ളാലം സെന്റ് മേരീസ് എൽ.പി.സ്കൂളിലെ പരിസ്ഥിതിദിനാചരണം ഫാ. സ്കറിയ വേകത്താനം വിദ്യാർത്ഥിപ്രതിനിധിക്ക് വൃക്ഷത്തൈ നൽകി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിൻസി കെ. ചീരാംകുഴി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

d) കുടക്കച്ചിറ സെന്റ് ജോസഫ് ഹൈസ്കൂൾ

ദീപിക പ്രസ് ക്ലബിന്റെ നേതൃത്വത്തിൽ സ്കൂളിൽ പരിസ്ഥിതിദിനാചരണം നടത്തി. സ്കൂൾ മാനേജർ റവ.ഫാ. മാത്യു കാലായിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾ പരിസ്ഥിതിദിനാചരണ പ്രതിജ്ഞ എടുത്തു. എല്ലാവർക്കും സൗജന്യ വൃക്ഷത്തൈ വിതരണം ചെയ്തു.

e) വെള്ളിലാപ്പള്ളി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ

സ്കൂളിൽ നടന്ന പരിസ്ഥിതിദിനാചരണചടങ്ങിൽ വാർഡ് മെമ്പർ മിനി സന്തോഷ് വൃക്ഷതൈ വിതരണം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സാവിയോ തോട്ടുങ്കൽ, സിസ്റ്റർ അനീറ്റ കുളത്തുങ്കൽ, സിസ്റ്റർ ഗ്രേയ്സ് തെങ്ങനാക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

f) രാമപുരം സേക്രേട്ട്ഹാർട്ട് സ്കൂൾ

സ്കൂളിൽ വച്ച് നടന്ന പരിസ്ഥിതിദിനാചരണചടങ്ങിൽ വിദ്യാർത്ഥി പ്രതിനിധിക്ക് വൃക്ഷതൈ നൽകി ഫാ. സ്കറിയ വേകത്താനം പരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്തു. ബേബി തൈരംചേരിൽ അടുക്കളത്തോട്ടം പദ്ധതി ഉദ്ഘാടനം ചെയ്തു. സിസ്റ്റർ എലിസബത്ത് കൂട്ടിയാനിയിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

g) മാനത്തൂർ സെന്റ് ജോസഫ് ഹൈസ്കൂൾ

സ്കൂളിലെ പരിസ്ഥിതിദിനാഘോഷം റവ.ഫാ. തോമസ് പുല്ലാട്ട് വിദ്യാർത്ഥി പ്രതിനിധിക്ക് വൃക്ഷതൈ നൽകി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം വിദ്യാർത്ഥികൾക്ക് സൗജന്യ പച്ചക്കറികിറ്റ് വിതരണം ചെയ്തു. പരിസ്ഥിതി ക്വിസ് മത്സരം സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് വത്സമ്മ അഗസ്റ്റിൻ കദളിയിൽ, മാത്യു മാമ്പറമ്പിൽ, സിസ്റ്റർ മേഴ്സി മഠത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**3. ഡി.എഫ്.സി. സമ്മേളനം മാൻവെട്ടത്ത്**

ദീപിക പത്ര പ്രചാരണസമ്മേളനം മാൻവെട്ടം ഇടവകയിൽവച്ച് നടത്തി. വികാരി ബഹുമാനപ്പെട്ട നരിവേലിൽ മത്തായി കത്തനാർ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ.ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തി. അസി. വികാരി ഫാ. ജോസഫ് മണിയങ്ങാട്ട്, ഡിഎഫ്സി പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.

**4. കൂട്ടിക്കൽ ഫൊറോനാ മീറ്റിംഗ്**

ഡിഎഫ്സി കൂട്ടിക്കൽ ഫൊറോന മീറ്റിംഗ് പറത്താനം പള്ളി ഹാളിൽ വച്ച് നടത്തി. വികാരി റവ.ഫാ. തോമസ് ചില്ലയ്ക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പുതിയ മേഖലാസമിതി രൂപീകരിച്ചു. വൈറൽ പനിക്കെതിരെ സൗജന്യ പ്രതിരോധമരുന്ന് ഫാ. സ്കറിയ വേകത്താനം വിതരണം ചെയ്തു.

**5. പൂഞ്ഞാർ ഫൊറോന മീറ്റിംഗ്**

ഡിഎഫ്സി പൂഞ്ഞാർ ഫൊറോന മീറ്റിംഗ് പള്ളി ഹാളിൽ വച്ച് നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി പി. സ്കറിയ, ജോർജ് വടക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**6. തീക്കോയി ഫൊറോന മീറ്റിംഗ്**

തീക്കോയി ഫൊറോനാ ഡിഎഫ്സി നേതൃസമ്മേളനം തീക്കോയി

പാരിഷ് ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് ജോജോ പുന്നപ്ലാക്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ജോർജ് വടക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**7. അരുവിത്തുറ ഫൊറോന മീറ്റിംഗ്**

ഡിഎഫ്സി അരുവിത്തുറ ഫൊറോന മീറ്റിംഗ് അരുവിത്തുറ പള്ളിമേടയിൽ വച്ച് നടത്തി. വികാരി റവ.ഫാ. തോമസ് വെടിക്കുന്നേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. തോമസ് പരവുമ്മേൽ, ജോർജ് വടക്കേൽ, റോയി തട്ടാംപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. സ്കറിയ വേകത്താനം കർമ്മ പരിപാടികൾ വിശദീകരിച്ചു.

**8. ഭരണങ്ങാനം ഫൊറോനാ മീറ്റിംഗ്**

ഡിഎഫ്സി ഭരണങ്ങാനം ഫൊറോന മീറ്റിംഗ് ഭരണങ്ങാനം പാരിഷ് ഹാളിൽ വച്ച് നടത്തി. പ്രസിഡന്റ് ചാക്കോ കളപ്പുര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സ്കറിയ, ഫാ. ജീവൻ കദളിക്കാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**9. വായനാദിനാചരണം നടത്തി**

ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വായനാദിനാചരണം സംഘടിപ്പിച്ചു. പി.റ്റി.എ പ്രസിഡന്റ് ജോസ് തയ്യിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം വായനാദിനാചരണം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് എട്ടുപറയിൽ, ജോണിച്ചൻ പുതുപ്പറമ്പിൽ, ലിബി ഊന്നുകല്ലാമറ്റം, പഞ്ചമി അഗസ്റ്റിൻ വാലുമ്മേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**10. ദീപിക നമ്മുടെ ഭാഷാപദ്ധതി**

a. ചെമ്മലമറ്റം ലിറ്റിൽഫ്ളവർ ഹൈസ്കൂൾ

ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ ദീപിക നമ്മുടെ ഭാഷാപദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ.ഫാ. സക്കറിയാസ് ആട്ടപ്പാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ഹെഡ്മാസ്റ്റർ പോൾ കരോട്ടെമ്പ്രയിൽ, സെബാസ്റ്റ്യൻ വിളയാനി തുടങ്ങിയവർ പ്രസംഗിച്ചു. ഫുൾ എ പ്ലസ് നേടിയ 6 വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു.

b. കുറവിലങ്ങാട് സെന്റ് മേരീസ് എൽ.പി. സ്കൂൾ

ദീപിക നമ്മുടെ ഭാഷാ പദ്ധതി സ്കൂൾ മാനേജർ ആർച്ചു പ്രീസ്റ്റ് റവ. ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. മാണി കൊഴുപ്പൻകുറ്റി, ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ് മാത്യു, ജോസഫ് വട്ടത്തോട്ടം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

c. കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ

ദീപിക നമ്മുടെ ഭാഷാപദ്ധതി ആർച്ചു പ്രീസ്റ്റ് റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു വെണ്ണായിപ്പള്ളിൽ, വി.എം. ജോസഫ്, ജോർജ് തോമസ്, സിസ്റ്റർമാർ എന്നിവർ നേതൃത്വം നൽകി.

d. കൂത്താട്ടുകുളം  ഇൻഫന്റ് ജീസസ് സ്കൂൾ

സ്കൂളിലെ ദീപിക നമ്മുടെ ഭാഷാ പദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ജോയി തോട്ടം ബിജു തറമഠം, ഹെഡ്മിസ്ട്രസ് സിസ്റ്റർ റോസ്‌ലിൻ നെടുമറ്റം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

e. ഇലക്കാട് എസ്.കെ.വി. ഗവൺമെന്റ് യു.പി. സ്കൂൾ

ദീപിക നമ്മുടെ ഭാഷാപദ്ധതി കടപ്ലാമറ്റം പഞ്ചായത്ത് അംഗം കെ.ആർ. ശശിധരൻ നായർ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് വി.എസ്. ചന്ദ്രിക, റ്റി.സി. അനിൽകുമാർ, കെ.ദീപ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

f. വയലാ ഗവൺമെന്റ് എൽ.പി. സ്കൂൾ

ദീപിക നമ്മുടെ ഭാഷാ പദ്ധതി ജോയി ജോസഫ് കൂനാനിക്കൽ ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ലിസ്സി മാത്യു, അനിലാ അബ്രാഹം, കെ.കെ. ഷിബു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

g. ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ

ഭാഷാ പദ്ധതി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ജോബിച്ചൻ, ഫാ. ജോസഫ് എട്ടുപറയിൽ, സജി കോയിപ്പുറം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**11. പ്രഥമാധ്യാപകസമ്മേളനം**

പാലാ രൂപതയിലെ വിശ്വാസപരിശീലനത്തിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച പ്രഥമാദ്ധ്യാപക സമ്മേളനത്തിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഡിഎഫ്സിയുടെ കർമ്മരേഖ എല്ലാവർക്കും വിതരണം ചെയ്തു.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ  ഇനിയും പൂർത്തിയാക്കാത്തവർ ആഗസ്റ്റ് 6-ാം തീയതിക്കുമുമ്പായി പൂർത്തിയാക്കി തുകയും രജിസ്ട്രേഷൻ ഷീറ്റും ഓഫീസിൽ ഏല്പിക്കുക.

**2. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. ബൈബിൾ കോഴ്സ്**

അത്മായർക്കായി സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ കോഴ്സിന്റെ ജൂലൈ മാസത്തെ ക്ലാസുകൾ ഫാ. തോമസ് വടക്കേൽ, ഫാ. മാത്യു കിഴക്കേ അരഞ്ഞാണി എന്നിവർ നയിച്ചു.

**4. ആനന്ദിച്ചാഹ്ലാദിക്കുവിൻ - പഠനശിബിരം**

മാർപാപ്പയുടെ അപ്പസ്തോലിക് പ്രബോധനമായ 'ആനന്ദിച്ചാഹ്ലാദിക്കുവിൻ' എന്ന വിഷയത്തെക്കുറിച്ച് ബൈബിൾ അപ്പസ്തോലേറ്റ് പാലാ രൂപതാ ഒരു ഏകദിന പഠനശിബിരം സംഘടിപ്പിക്കുന്നു. 2018 ആഗസ്റ്റ് 11-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്ന ഈ പഠനശിബിരത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

**5. കെറിയാന**

ഒരു വർഷം കൊണ്ട് ബൈബിൾ വായിക്കുവാൻ സഹായിക്കുന്ന ചാർട്ട്-കെറിയാനയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**6. ലോഗോസ് ക്വിസ് മത്സരം**

ലോഗോസ് ക്വിസ് 2018 മത്സരം നടക്കുന്നത് സെപ്തംബർ 30 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ്. സെപ്തംബർ 10 മുതൽ ഹാൾടിക്കറ്റ് വെബ്സൈറ്റിൽനിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

ചോദ്യപേപ്പർ വിതരണം 2018 സെപ്തംബർ 29

ഉത്തരക്കടലാസ് തിരിച്ചേല്പിക്കേണ്ടത് 2018 ഒക്ടോബർ 1.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. അൽഫോൻസാ തീർത്ഥാടനം**

ഫ്രാൻസിസ്ക്കൻ അല്മായ സഭ രൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ അൽഫോൻസാ തീർത്ഥാടനം നടത്തി. ഫാ. ആന്റണി വെച്ചൂർ OFM Cap, ഫാ. മൈക്കിൾ പറുശ്ശേരിൽ OFM Cap, ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ, റ്റോമി കളപ്പുര, സോജൻ കോയിക്കൽ, റ്റിസി രാജു കടലംക്കാട്ട്, തോമസ് മൊളോപ്പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

തീർത്ഥാടന കേന്ദ്രത്തിൽ ജപമാല റാലി എത്തിയപ്പോൾ റെക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് നടന്ന സമൂഹബലിയ്ക്ക് ഫാ. ആന്റണി വെച്ചൂർ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. ജോജോ മണ്ണൂർ CMF വചനസന്ദേശം നൽകി. ഫാ. അബ്രാഹം കാക്കാനി (രത്നഗിരി പള്ളി അസി. വികാരി) സഹകാർമ്മികനായിരുന്നു.

**2. രൂപത സെമിനാർ**

ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽവച്ച് രൂപത സെമിനാർ നടത്തി. ഫാ. മൈക്കിൾ പറുശ്ശേരിയിൽ OFM Cap ക്ലാസ് നയിച്ചു. രൂപത പ്രസിഡന്റ് ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ അദ്ധ്യക്ഷത വഹിച്ചു.

**3. ഫോർമേഷൻ സെമിനാർ**

യൂണിറ്റ്, റീജിയൻ, രൂപത ഭാരവാഹികൾക്കും, റിസോഴ്സ് ടീമംഗങ്ങൾക്കുമായി ഫോർമേഷൻ സെമിനാർ ഓഗസ്റ്റ് 11-ന് രാവിലെ 9 മണി മുതൽ ഭരണ

ജ്ഞാനം അസ്സീസി ആശ്രമദേവാലയത്തിൽ വച്ച് നടക്കും. ഫാ. ഫ്രാൻസീസ് എടാട്ടുക്കാരൻ OFM Cap ക്ലാസ് നയിക്കും. ഫാ. ആന്റണി വെച്ചൂർ OFM Cap, ജോ. സെബാസ്റ്റ്യൻ മണിക്കൊമ്പേൽ തുടങ്ങിയവർ നേതൃത്വം നൽകും.

**4. ബൈബിൾ ക്വിസ് മത്സരം**

അല്മായസഭ പൂവരണി യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവക തലത്തിൽ ഓഗസ്റ്റ് 22-ന് ബൈബിൾ ക്വിസ് മത്സരവും, ബൈബിൾ വാക്യ എഴുത്തുമത്സരവും നടത്തുന്നു. വികാരി ഫാ. കുര്യൻ കാലായിൽ, ഫാ. തോമസ് കുമ്പുക്കൽ, തോമസ് മൊളേപ്പറമ്പിൽ, സാബു വട്ടോളിൽ തുടങ്ങിയവർ നേതൃത്വം നൽകും.

**ഫാ. ആന്റണി വെച്ചൂർ OFM Cap** (ഡയറക്ടർ)

# എ.കെ.സി.സി.

**1. മണ്ണ് പരിശോധനാക്യാമ്പും സൗജന്യ വിത്ത് വിതരണവും**

കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെ നേതൃത്വത്തിൽ മണ്ണ് പരിശോധനാക്യാമ്പും സൗജന്യ വിത്ത് വിതരണവും സംഘടിപ്പിച്ചു. കൃഷിയെ സ്വാധീനിക്കുന്ന മണ്ണിന്റെ ഘടനയും മലിനമാക്കപ്പെട്ട മണ്ണിന്റെ ശുദ്ധീകരണവും നടപ്പാക്കുന്നതും സംബന്ധിച്ച സെമിനാർ ഇതിനോടനുബന്ധിച്ച് നടത്തപ്പെട്ടു. കോഴാ കൃഷി പഠനകേന്ദ്രത്തിലെ വിദഗ്ദ്ധർ പരിശോധനകൾക്ക് നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിലേക്ക് സൗജന്യമായി പച്ചക്കറിവിത്ത് വിതരണവും നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

**2. രൂപതാ നേതൃസമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ നേതൃസംഗമം പാലായിൽ വച്ച് നടത്തപ്പെട്ടു. കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങളുടെ അവലോകനം ഫൊറോനാതല റിപ്പോർട്ട്, ശതാബ്ദി സംഗമങ്ങൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്തപ്പെട്ടു.

**3. എ.കെ.സി.സി. വോയ്സ് ബുള്ളറ്റിൻ**

കത്തോലിക്കാ കോൺഗ്രസ് മുഖപത്രമായ എ.കെ.സി.സി. വോയ്സിന്റെ ശതാബ്ദി പതിപ്പ് പുറത്തിറങ്ങി. സംഘടനയുടെ കഴിഞ്ഞ കാലത്തെ ചരിത്രപരമായ ഇടപെടലുകളും പ്രവർത്തനങ്ങളും പ്രതിപാദിക്കുന്ന ബുള്ളറ്റിനിൽ പുതിയ പ്രവർത്തനകാലയളവിലെ രൂപതാ, ഫൊറോനാ, യൂണിറ്റ് ഭാരവാഹികളുടെ അഡ്ലസ് ലിസ്റ്റും ഉൾപ്പെടുത്തിയിരിക്കുന്നു.

**4. മഴക്കെടുതി ദുരിതാശ്വാസപ്രവർത്തനങ്ങൾ**

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് സഹായവുമായി കത്തോലിക്കാ കോൺഗ്രസ് അണിചേർന്നു. രൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളെ കോർത്തിണക്കികൊണ്ട് ദുരിതമേഖലയിൽ അരി, ഭക്ഷ്യ ഉത്പന്നങ്ങൾ, വസ്ത്രങ്ങൾ, സോപ്പ് എന്നിവ ചങ്ങനാശ്ശേരിയിലും, കുട്ടനാട്ടിലും എത്തിച്ചു. കുറവിലങ്ങാട്, കോതനല്ലൂർ, മാൻവെട്ടം,

കത്തീഡ്രൽ, പെരിങ്ങുളം, കുടയത്തൂർ, അറക്കുളം, മൂലമറ്റം, കൊഴുവനാൽ, രത്നഗിരി തുടങ്ങി അമ്പതോളം യൂണിറ്റുകൾ വിവിധ ഫൊറോനസമിതികൾ എന്നിവർ നേതൃത്വം നൽകി.

**4. മാധ്യമ വിചാരണകൾക്കെതിരെ പ്രമേയം**

കത്തോലിക്കാ സഭയെയും സഭാതലവനെയും സഭയുടെ ആദ്ധ്യാത്മിക ശുശ്രൂഷകളെയും സ്ഥിരമായി ഇകഴ്ത്തുന്ന ദുരദ്ദേശപരമായ മാധ്യമവിചാരണകളെ രൂപതാ സമിതി ശക്തമായി അപലപിച്ചു. ഏകപക്ഷീയമായ ചർച്ചകൾ ഗൂഢാലോചനയുടെ ഭാഗമാണ്. സംഭവങ്ങളുമായി ഒരു ബന്ധമില്ലാത്ത സഭാദ്ധ്യക്ഷന്മാരെ ബോധപൂർവ്വം ഇതിലേക്ക് വലിച്ചിഴക്കുന്നത് ചില മാധ്യമങ്ങളുടെ അജണ്ടയായി മാറിയിരിക്കുന്നുവെന്നും ഇത് അടിയന്തിരമായി അവസാനിപ്പിക്കണമെന്നും രൂപതാ കമ്മിറ്റി പ്രമേയത്തിലൂടെ ആവശ്യപ്പെടുകയും ബന്ധപ്പെട്ട ആളുകൾക്ക് സമർപ്പിക്കുകയും ചെയ്തു.

**6. പുതിയ യൂണിറ്റ്**

പാലാക്കാട് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. ബഹു. വികാരി ഫാ. തോമസ് വെട്ടുകാട്ടിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പ്രസിഡന്റായി ജോസഫ് ആഗസ്തി പഴേപറമ്പിൽ, സെക്രട്ടറിയായി സജി തോമസ് എന്നിവരെയും മറ്റ് ഭാരവാഹികളെയും തെരഞ്ഞെടുത്തു.

**8. മറ്റത്തിപ്പാറയിൽ മുത്തിയമ്മയുടെ തിരുസ്വരൂപം**

കത്തോലിക്കാ കോൺഗ്രസ് കുറവിലങ്ങാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മുത്തിയമ്മയുടെ തിരുസ്വരൂപം മറ്റത്തിപ്പാറ അനാഥമന്ദിരത്തിന് സമർപ്പിച്ചു. മോൺ. ജോസഫ് മലേപറമ്പിൽ, ഫാ. ജോസഫ് തടത്തിൽ, ഇമ്മാനുവൽ നിധീരി, റെജി പടിഞ്ഞാറേട്ട്, നിധീഷ് നിധീരി, ബ്രൈഡ് ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഇമ്മാനുവേൽ നിധീരി** (ജന. സെക്രട്ടറി)

# അഡാർട്ട്

**1. ബോധവത്കരണ ക്ലാസുകൾ (ലോകലഹരിവിരുദ്ധദിനം)**

സെന്റ് തോമസ് എച്ച്.എസ്.എസ്. പാലാ (ജൂൺ 26), സെന്റ് ആന്റണീസ് എച്ച്.എസ്. കടപ്ലാമറ്റം (ജൂൺ 26) എസ്.കെ.വി.ജി.യു.പി.എസ്. ഇലയ്ക്കാട് (ജൂൺ 26) മരിയ ഗൊരേത്തി എച്ച്.എസ്., ചേന്നാട് (ജൂൺ 26), സെന്റ് മേരീസ് എച്ച്.എസ്.എസ്., പാലാ (ജൂൺ 26), സ്ഥലം എസ്.എസ്. (ജൂൺ 26)

**2. ബോധവത്കരണ ക്ലാസുകൾ**

ദേവമാതാ കോളേജ് കുറവിലങ്ങാട് (ജൂൺ 30), അൽഫോൻസാ കോളേജ് പാലാ (ജൂലൈ 4), എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് പാലാ (ജൂലൈ 5), മാതൃഭവൻ ഭരണങ്ങാനം (ജൂലൈ 8,15) കാളികാവ് (ജൂൺ 16), യു.പി. സ്കൂൾ, കണ്ണാടിയുറുമ്പ് (ജൂലൈ 21), കുഞ്ഞച്ചൻ മിഷനറി ഭവൻ രാമപുരം (ജൂലൈ 22).

**3. എസ്.എം.വൈ.എം. കുറവിലങ്ങാട് യൂണിറ്റ്**

എസ്.എം.വൈ.എം. കുറവിലങ്ങാട് യൂണിറ്റിലെ 23 അംഗങ്ങൾ ജൂൺ 30-ാം തീയതി അഡാർട്ടിൽ പഠനസന്ദർശനം നടത്തി. ഫാ. മാത്യു പുതിയിടത്ത് സ്വാഗതം ആശംസിച്ചു. അംഗങ്ങൾ ക്ലാസുകളിൽ പങ്കെടുക്കുകയും ചികിത്സയിൽ കഴിയുന്നവരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

**4. അഡാർട്ട് ക്ലബ് ഡയറക്ടേഴ്സ് മീറ്റ്**

ജൂലൈ 4-ാം തീയതി അഡാർട്ടിൽ വച്ച് സ്കൂളുകളിൽ പ്രവർത്തിക്കുന്ന അഡാർട്ട് ക്ലാസ് ഡയറക്ടർമാരുടെ ഏകദിനസെമിനാർ നടത്തി. പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ജെയിംസ് മംഗലത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. ജസ്യൂട്ടി കേരള പ്രൊവിൻഷ്യൽ റവ.ഡോ. ജോർജ് മുത്തോലി എസ്.ജെ. ക്ലാസുകൾക്ക് നേതൃത്വം വഹിച്ചു. 65 അദ്ധ്യാപകർ പെങ്കെടുത്തു. ഫാ. മാത്യു പുതിയിടത്ത് സ്വാഗതവും കൗൺസിലർ ഷാജി കച്ചിറമറ്റം കൃതജ്ഞതയും പറഞ്ഞു.

**6. ആത്മവിശുദ്ധീകരണധ്യാനം**

ജൂലൈ 23-25 തീയതികളിൽ അഡാർട്ടിൽ വച്ച് ആത്മവിശുദ്ധീകരണ ധ്യാനം നടത്തി. ഫാ. മാത്യു പുതിയിടത്ത്, ബ്രദർ ജോസ് കട്ടപ്പന, ലാലിച്ചൻ പരുമലക്കുന്ന് കോളനി, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ വചനപ്രഘോഷണം നടത്തി.

**7. അഡാർട്ടിന്റെ 34-ാം വാർഷികം**

കേരളത്തിലെ ആദ്യത്തെ ലഹരി വിമോചനചികിത്സാ പുനരധിവാസ കേന്ദ്രമായ അഡാർട്ടിന്റെ 34-ാം വാർഷികം ആഗസ്റ്റ് 4-ാം തീയതി അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. പാലാ മുൻസിപ്പൽ ചെയർപേഴ്സൺ പ്രൊഫ. ഡോ. സെലിൻ റോയി തകടിയേൽ അദ്ധ്യക്ഷത വഹിക്കും യോഗത്തിന്റെ ഉദ്ഘാടനകർമ്മം കോതമംഗലം രൂപതാ മെത്രാൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവ്വഹിക്കും. അഡാർട്ട് ചെയർമാൻ വെരി. റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ മുഖ്യപ്രഭാഷണം നടത്തും. വാർഡ് കൗൺസിലർ ശ്രീമതി സിബിൽ തോമസ്, കോട്ടയം ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ ശ്രീ. സാബു ജോസഫ്, മീനച്ചിൽ താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ശ്രീ. സി.ജി ജയദേവ്, ശ്രീ. രാജീവ് സി. ഫിലിപ്പ് (റിലയൻസ് മ്യൂചൽ ഫണ്ട് കേരള കോയമ്പത്തൂർ ഏരിയ മാനേജർ) ശ്രീ. പാപ്പച്ചൻ മുത്തോലി (എ.എ. മെമ്പർ), എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തും. ശ്രീ. രാജീവ് ശാന്തി (എ.എ. മെമ്പർ) ചെറിയാൻ കെ. മാത്യു (അൽ-അറ്റീൻ മെമ്പർ) എന്നിവർ അനുഭവസാക്ഷ്യങ്ങൾ നടത്തും. അംബികൽ അമനക്കര (എ.എ. മെമ്പർ) ശ്രീമതി സവിതാ ശശി (അൽ-അനോൺ മെമ്പർ), ശ്രീ. ബാബു കല്ലറ (എ.എ. മെമ്പർ) എന്നിവർ സംഗീതപരിപാടികൾ അവതരിപ്പിക്കും. ലഹരിവിരുദ്ധ മേഖലയിൽ സ്തുത്യർഹമായ

സേവനം അനുഷ്ഠിച്ചുവരുന്ന റവ.സി. ആഞ്ചലാ എസ്.എച്ച്. നെ (കോത മംഗലം രൂപത) ആദരിക്കും. ശ്രീ. എൻ.എം. സെബാസ്റ്റ്യൻ എഴുതിയ 'ലഹ രിയോടുള്ള ആസക്തി 151 ചോദ്യങ്ങളും ഉത്തരങ്ങളും' എന്ന പുസ്തകത്തിന്റെ ആദ്യപ്രതി ഡോ. ജോയി ഫ്രാൻസീസ് ഏറ്റുവാങ്ങും. അൽ-അറ്റിൻ അംഗം കുമാരി ക്രിസ്റ്റി കുരുവിള നൃത്തം അവതരിപ്പിക്കും. ഫാ. മാത്യു പുതിയി ടത്ത് സ്വാഗതവും ഷാജി കച്ചിറമറ്റം കൃതജ്ഞതയും പറയും. സി. ഡോ. പ്രശാന്തി സിജോ ദാസ്, പ്രൊഫ. ഗ്രേസി ജോയി, റോസിലി ജോൺ, നിഷ ബിജു, മധു കെ.ആർ, ജോർജ് ജേക്കബ്, മാത്യു വലിയമംഗലം, ജോസ് പി. റ്റി., ജോസ് പി.വി, മഹേഷ്കുമാർ, ജോസഫ് കൈച്ചിറ, ബിന്ദു ഇ.വി എന്നി വർ നേതൃത്വം വഹിക്കും.

**8. ജയിൽ മിനിസ്ട്രി**

പ്രാർത്ഥനായോഗം : ജൂൺ ഒന്നാംതീയതി പാലാ യൂണിറ്റ് അംഗങ്ങൾ അഡാർട്ടിൽ സമ്മേളിച്ച് പ്രാർത്ഥനായോഗം നടത്തി.

സംസ്ഥാന എക്സിക്യൂട്ടീവ് യോഗം : ജൂലൈ 7-ാം തീയതി പി.ഒ.സി. യിൽ വച്ചുനടന്ന സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ പാലാ രൂപത ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്തു.

**9. സബ് ജയിൽ സന്ദർശനം**

ജൂലൈ 14-ാം തീയതി പാലാ യൂണിറ്റ് അംഗങ്ങൾ പാലാ സബ് ജയിൽ സന്ദർശിച്ചു. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാ ശുശ്രൂഷ നടത്തി. ചേർപ്പു ങ്കൽ ഫൊറോനാപള്ളി വിൻസെന്റ് ഡി പോൾ അംഗങ്ങൾ വിവിധ കലാപ രിപാടികൾ അവതരിപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**10. സാരഥി**

വിവിധ യൂണിറ്റുകളിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്ത നങ്ങൾ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

ജൂൺ മുപ്പതാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM cap എന്നിവരുടെ നേതൃത്വ ത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഇരുനൂറോളം പേർ സംബന്ധിച്ചു. അടുത്ത ദൈവരാജ്യാനുഭവധ്യാനം ഓഗസ്റ്റ് അഞ്ചുമുതൽ പതി നൊന്ന് വരെ. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

1. അദിലാബാദ് രൂപതയുടെ യൂത്ത് ഡയറക്ടർ കോനംപേട്ട ഇടവക സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.
2. ഗൊല്ലപ്പള്ളി ഇടവകയിൽ ഈ വർഷത്തെ കാർഷിക പ്രവർത്തനങ്ങൾ ആരംഭിച്ചു.
3. മന്നഗുഡം പള്ളിയുടെ പുതിയ കുഴൽകിണർ നിർമ്മാണം പൂർത്തിയായി.

**ഫാ. ജോർജ് കാരാംവേലി** (കോർഡിനേറ്റർ)

# സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻജ് കേറ്ററിംഗ് ടെക്നോളജി, പാലാ

**1. നൈപുണ്യ അവാർഡ് ജേതാക്കൾ**

ഇന്റർ നാഷണൽ സ്കിൽ സമ്മിറ്റിനൊരുക്കമായി ഇന്ത്യയിൽ സംഘടിപ്പിക്കപ്പെട്ട നൈപുണ്യ സ്കിൽ സമ്മിറ്റിൽ റെസ്റ്റോറന്റ് സർവ്വീസ് ആൻഡ് കേറ്ററിംഗ് വിഭാഗം മത്സരത്തിൽ ഈ കോളേജിലെ അജിത് ജോസഫ് സ്വർണ്ണമെഡലും ഒരു ലക്ഷം രൂപയും വിഷ്ണു എം. രാജ് വെള്ളി മെഡലും അൻപതിനായിരും രൂപയും കരസ്ഥമാക്കി. ബേക്കറി വിഭാഗത്തിൽ ഷിബു സെബാസ്റ്റ്യൻ പ്രോത്സഹാന സമ്മാനമായി പതിനായിരം രൂപ കരസ്ഥമാക്കി. 2019ൽ ആഗോള ഫൈനൽ മത്സരം റഷ്യയിൽ നടക്കും.

**2. ലിംക ബുക്ക് ഓഫ് റിക്കോർഡ്**

മൂന്ന് മിനിറ്റ് മുപ്പത്തിയേഴ് സെക്കൻഡ് തൊണ്ണൂറ്റി ആറ് മില്ലി സെക്കൻഡിനുള്ളിൽ അഞ്ചാം സെമസ്റ്ററിലെ 12 വിദ്യാർത്ഥികൾ ചേർന്ന് നൂറ്റി നാല്പത്തിഅഞ്ച് വ്യത്യസ്തങ്ങളായ നാപ്കിൻ ഫോൾഡിംഗുകൾ നിർമ്മിച്ച് ലോകറിക്കോർഡ് സൃഷ്ടിച്ചു. ലോകോത്തര പ്രശസ്തമായ പഞ്ചനക്ഷത്രഹോട്ടലുകളിലെ ടേബിൾ സെറ്റിങിന് ഉപയോഗിക്കുന്ന നാപ്കിൻ ഫോൾഡിംഗുകളാണ് വിദ്യാർത്ഥികൾ അവതരിപ്പിച്ചത്.

**ഫാ. ജേക്കബ് പുതിയാപറമ്പിൽ** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## സി. ഇസിദോർ മുട്ടുചിറ

സി. ഇസിദോർ പാലാ രൂപത മുട്ടുചിറ ഫൊറോനപള്ളി ഇടവക മണ്ണംചേരി കുടുംബത്തിൽ മാത്യു-മറിയം ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമത്തെ സന്താനമായി 25.04.1926-ൽ ജനിച്ചു. മാമ്മോദീസായിൽ ഏലിക്കുട്ടി എന്ന പേരു സ്വീകരിച്ചു. മുട്ടുചിറ, കുറവിലങ്ങാട്, കറുകുറ്റി എന്നീ സ്കൂളുകളിൽ പഠനം പൂർത്തിയാക്കിയ ഇസിദോറമ്മ മുട്ടുചിറ കർമ്മല മഠത്തിൽ അർത്ഥിനിയായി ചേർന്നു. 03.05.1952-ൽ ആദ്യവ്രതവും 30.05.1956-ൽ നിത്യവ്യതവും അനുഷ്ഠിച്ചു.

മുത്തോലിയിൽ റ്റി. റ്റി. സി. പഠനത്തിനുശേഷം മുട്ടുചിറ സ്കൂളിൽതന്നെ അധ്യാപനജോലിക്ക് തുടക്കം കുറിച്ചു. കുറവിലങ്ങാട്, ഇലഞ്ഞി, മണ്ണാറപ്പാറ, തിരുമാറാടി, കാർമ്മൽ ഹോസ്റ്റൽ എന്നീ മഠങ്ങളിൽ അമ്മ തന്റെ സേവനം കാഴ്ചവച്ചു. കൂടാതെ സുപ്പീരിയർ, ജൂനിയർ മിസ്ട്രസ്, ബോർഡിംഗ് മിസ്ട്രസ് എന്നീ നിലകളിൽ തന്റെ ഉത്തരവാദിത്വപൂർണ്ണമായ ജോലികൾ അമ്മ നിർവ്വഹിച്ചിട്ടുണ്ട്.അതോടൊപ്പം ഇസിദോറമ്മയുടെ സമർപ്പണജീവിതത്തിന്റെ മാറ്റുകൂട്ടിയ വേദികളായിരുന്നു. POC,SVD എന്നീ സ്ഥാപനങ്ങളിലെ സേവനങ്ങൾ, വിശ്വാസപരിശീലനം, സൊഡാലിറ്റി, മിഷൻലീഗ് എന്നിവയിൽ ഇസിദോറമ്മ സജീവമായി പ്രവർത്തിച്ചിരുന്നു. ദരിദ്രരോട് അനുകമ്പയും, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ ആർദ്രമായി സ്നേഹിക്കുന്നതിനും സഹായിക്കുന്നതിലും അമ്മ ഏറെ സന്തോഷം കണ്ടെത്തിയിരുന്നു. "എല്ലാം ദൈവസ്നേഹത്തെപ്രതി ചെയ്ത് കാഴ്ചവെയ്ക്കണം, മകളെ ദൈവം അനുഗ്രഹിക്കും എല്ലാറ്റിന്റെയും പ്രതിഫലം ദൈവം തരും". എന്നതന്നെ ശുശ്രൂഷിച്ചിരുന്നവരോട് അമ്മ നിരന്തരം പറഞ്ഞിരുന്നു. പ്രാർത്ഥനാ ചൈതന്യം, ഹൃദയവിശാലത, ശാന്തത, ദീർഘവീക്ഷണം, ഔദാര്യം മറ്റുള്ളവരോടുള്ള മതിപ്പ്, ദൈവമാതൃഭക്തി, സ്നേഹമാർന്ന പുഞ്ചിരി തുടങ്ങിയ ഗുണങ്ങൾ അമ്മയിൽ വിളങ്ങിയിരുന്നു. 2002-ൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുനാവുള്ള ഭാഗ്യവും അമ്മയ്ക്ക്

ഉണ്ടായി. രോഗാവസ്ഥയിൽ അസാമാന്യമായ സഹനശക്തിയും, ക്ഷമയും, ദൈവ തിരുമനസ്സിനുള്ള വിധേയത്വവും പ്രകടിപ്പിച്ച് അമ്മ രോഗത്തിന്റെ എല്ലാ ബുദ്ധി മുട്ടുകളും യാതൊരു പരാതിയുമില്ലാതെ 'എല്ലാം ദൈവത്തിനിഷ്ടം' എന്നു പറഞ്ഞ് സ്വീകരിച്ച് ഏവർക്കും മാതൃകയേകി.

2018 ജനുവരിയിൽ ഒരു വീഴ്ചയെ തുടർന്ന് മുട്ടുചിറ ഹോളി ഗോസ്റ്റ് ആശുപത്രിയിൽ അഡ്മിറ്റാവുകയും ബഹു. റവ. ഫാ. മാത്യു തെക്കേലിൽനിന്ന് രോഗീലേപനം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് കിടപ്പിലായ അമ്മ ഒരു മാസത്തോളം ആശുപത്രിയിലായിരുന്നു. തന്റെ രോഗാവസ്ഥയിൽപോലും കൂടെ കൂടെ കുരിശുവരച്ചും പ്രാർത്ഥനകൾ ചൊല്ലിയും ദൈവസാന്നിധ്യത്തിന്റെ ഉണർവ്വ് അമ്മ അനുഭവിച്ചിരുന്നു. 2018 മെയ് 26-ന് രോഗം കൂടുകയും ബഹു. മാത്യു മുതുപ്ലാക്കലച്ചന്റെ പ്രാർത്ഥനയും ആശീർവ്വാദവും സ്വീകരിച്ച് സ്വസഹോദരി സി. ബറോമിയായുടെയും സമൂഹാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും ഒന്നു ചേർന്നുള്ള പ്രാർത്ഥനാമദ്ധ്യേ രാത്രി 9.45 ന് അമ്മ തന്റെ പാവാനാത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. 2018 മെയ് 29-ാം തീയതി രാവിലെ 9-ന് ബഹു. റവ.ഫാ. സാബു പനതാങ്ങി ഒ.സി.ഡി., റവ.ഫാ. തോമസ് വലിയവീട്ടിൽ, റവ. ഫാ. ജോസഫ് ഇല്ലത്തുപറമ്പിൽ എന്നിവരുടെ സമൂഹബലിക്കുശേഷം ബഹു മാനപ്പെട്ട വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിലിന്റെ മുഖ്യകാർമ്മി കത്വത്തിൽ മൃതദേഹം മുട്ടുചിറ ഫൊറോനപള്ളിയിൽ സംസ്കരിച്ചു. വൈദി കരും സിസ്റ്റേഴ്സും വീട്ടുകാരും ഇടവകജനങ്ങളും സംസ്കാരകർമ്മത്തിൽ സംബ ന്ധിച്ചു.



## സി. ജസീന്താ-മുട്ടുചിറ

സി.ജസീന്താ കോതമംഗലം രൂപതയിൽ നെയ്ശ്ശേരി ഇട വക പുളിക്കൽ കുടുംബത്തിൽ വർഗീസ് -അന്നമ്മ ദമ്പതിക ളുടെ അഞ്ചുമക്കളിൽ മൂത്ത സന്താനമായി 10.05.1927-ൽ ജനി ച്ചു. മാമ്മോദീസായിൽ മറിയം എന്ന പേര് സ്വീകരിച്ചു. നെയ്ശ്ശേരി സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസാനന്തരം മഠത്തിൻ ചേരണമെന്ന തീവ്രമായ ആഗ്രഹത്തോടെ 1950-ൽ മുട്ടുചിറ മഠത്തിൽ ചേർന്നു, 29-05-1954 ആദ്യവ്രതവും 19-05-1958-ൽ നിത്യവ്രതവും അനുഷ്ഠിച്ചു.

തന്റെ സമർപ്പണ ജീവിതത്തിലെ 63 വർഷവും മുട്ടുചിറമഠമായിരുന്നു അമ്മയുടെസേവനരംഗം. മഠത്തിലെ ഏതു ജോലിയും ഏറ്റം സന്തോഷത്തോ ടെയും തീക്ഷ്ണതയോടെയും അമ്മ ചെയ്തിരുന്നു. ആഴമായ പ്രാർത്ഥനാചൈ തന്യം, ഉത്തരവാദിത്വബോധം, പ്രസന്നതയോടുള്ള പുഞ്ചിരി, ഔദാര്യം, സൗമ്യത, മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സഹായിക്കുക, എല്ലാവരേയും ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത, ദിവ്യകാരുണ്യഭക്തി തുടങ്ങിയ ഗുണങ്ങൾ ജസീന്താമ്മയിൽ വിളങ്ങിയിരുന്നു.ഏല്പ്പിക്കപ്പെട്ട എല്ലാ ജോലികളും കൃത്യമായും ഭംഗിയായും ചെയ്യുന്നതിൽ അമ്മ ശ്രദ്ധിച്ചിരുന്നു. കൃഷി, മെസ് മാനേജർ, അതിഥി സൽക്കാരം എന്ന് ഉത്തരവാദിത്വപൂർണ്ണമായ ജോലികൾ വളരെ സംതൃപ്തി നിറഞ്ഞ മനസ്സോടെ അമ്മ ചെയ്തിരുന്നു.

1960 മുതൽ 1963 വരെ കീഴ്പ്പള്ളി മഠത്തിന്റെ ആരംഭദശയിൽ വളരെ സന്തോഷത്തോടെ അമ്മ സേവനം ചെയ്തു. 1963-ൽ മുട്ടുചിറ മഠമായിരുന്നു അമ്മയുടെ സേവനരംഗം. ജോലിക്കിടയിലും ജസീന്താമ്മ പ്രാർത്ഥനയ്ക്ക് ഒരു കുറവും വരുത്തിയിരുന്നില്ല. രോഗാവസ്ഥയിലെ സഹനം എല്ലാവർക്കും മാതൃകയായിരുന്നു. പുറത്തിറങ്ങാൻ സാധിക്കാത്തപ്പോഴും വടി കുത്തി നടന്ന് മഠത്തിലെ സഹോദരിമാരോട് ക്ഷേമാന്വേഷണം നടത്തുകയും കൂട്ടക്രമങ്ങളിൽ കൃത്യമായി എത്തുകയും ചെയ്തിരുന്നു. 2004-ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. ഏതാണ്ട് എട്ട് മാസത്തോളം അമ്മ തീർത്തും ശയ്യാവലംബയായിരുന്നു. തന്നെ ശുശ്രൂഷിച്ചവരോട് ഏറെ സ്നേഹവും നന്ദിയും അമ്മ പ്രകടിപ്പിച്ചുരുന്നു.

മരിക്കുന്നതിന് രണ്ട് ആഴ്ചമുമ്പ് അമ്മയ്ക്ക് രോഗം വർധിക്കുകയും മുട്ടുചിറ ഫൊറോനപള്ളി അസിസ്റ്റന്റ് വികാർ ജോസഫ് ഇല്ലത്തുംപറമ്പലിച്ചനിൽനിന്ന് രോഗീലേപനം സ്വീകരിക്കുകയും ചെയ്തു. 2018 ജൂലൈ 15-ാം തീയതി ഉച്ചഭക്ഷമാർത്ഥം അമ്മയ്ക്ക് അസുഖം വർധിക്കുകയും മുട്ടുചിറ ഫെറോന അസിസ്റ്റന്റ് വികാർ മാത്യു മുതുപ്ലാക്കലച്ചന്റേയും സമൂഹാംഗങ്ങളേയും പ്രാർഥനാമദ്ധ്യേ 1.30-ന് അമ്മ തന്റെ പാവനാത്മാവിനെ തൃക്കരങ്ങളിൽ സമർപ്പിച്ചു. ജൂലൈ 16-ാം തിയതി 2.00 ന് മുട്ടുചിറപള്ളി വികാരി റവ. ഫാ.ജോസഫ് ഇല്ലത്തുംപറമ്പിലിന്റെ ദിവ്യബലിയോടെ സംസ്കാരശുശ്രുഷകൾ ആരംഭിക്കുകയും മൃതദേഹം മുട്ടുചിറ ഫെറോനപള്ളി സെമിത്തേരിൽ സംസ്ക്കരിക്കുകയും ചെയ്തു .വൈദികരും, സിസ്റ്റേഴ്സും, വീട്ടുകാരും, ഇടവക ജനങ്ങളും സംസ്കാരകർമ്മത്തിൽ സംബന്ധിച്ചു.



## സി. റാണി ജോസഫ് നെല്ലിക്കുന്നത്ത്

സങ്കീർത്തനം 1:3 “നീർച്ചാലിനരികെ നട്ടതും, യഥാക്രമം ഫലം തരുന്നതും, ഇല കൊഴിയാത്തതുമായ വൃക്ഷം പോലെയാണവർ.

ഈ തിരുവചനങ്ങൾ ജീവിതത്തിൽ സ്വാർത്ഥകമാക്കിയ റാണിയമ്മ ആഴമാർന്നവിശ്വാസവും, ആത്മീയ ചൈതന്യവും, ദൈവവിളികൾകൊണ്ട് അനുഗ്രഹീതവുമായ, നെല്ലിക്കുന്നത്ത് കുടുംബത്തിലെ മാത്യു മറിയാമ്മ എന്നീ മാതാപിതാക്കന്മാരുടെ 11 മക്കളിൽ അഞ്ചാമത്തെ സന്താനമായി 1931 ജൂലായ് 28ന് ജന്മം കൊണ്ടു.

സെന്റ് മേരീസ് പ്രൈമറി സ്കൂൾ, എടത്വായിൽ പ്രാഥമിക വിദ്യാഭ്യാസവും, തുടർന്നുള്ള പഠനം ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാവാലം, സെന്റ് അലോഷ്യസ് ഇംഗ്ലീഷ് ഹൈസ്കൂൾ, എടത്വ, സെന്റ് ജോസഫ്സ് ഇംഗ്ലീസ് ഹൈസ്കൂൾ ആലപ്പുഴ എന്നിവിടങ്ങളിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. ഹിന്ദി ടീച്ചർ ട്രെയിനിംഗ് കോഴ്സ് ആയ ഹിന്ദി വിദ്വാൻ പഠനത്തിനു ശേഷം, അദ്ധ്യാപികയായി ജോലി ചെയ്തു കൊണ്ടിരുന്നപ്പോഴാണ്, തന്നിലുള്ള ദൈവസ്നേഹത്തിന്റെ ജ്വലനമായി. ദൈവവിളിയെ തിരിച്ചറിയുകയും മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സഹപ്രവർത്തകരുടെയും പ്രതീക്ഷ

കൾക്കും, സ്വപ്നങ്ങൾക്കും വിരുദ്ധമായി തന്റെ ജീവിതത്തിലെ വഴിത്തിരിവായ സന്യാസജീവിതത്തെ പുല്കുകയും ചെയ്തത്.

1950 ൽ മെഡിക്കൽ മിഷൻ സന്യാസസമൂഹത്തിൽ ചേർന്ന ത്രേസ്യാമ്മ മാത്യു 1953 ആഗസ്റ്റ് 5-ന് പ്രഥമവ്രതവാഗ്ദാനവും 1959 നവംബർ 11-ന് നിത്യവ്രതവാഗ്ദാനവും നടത്തി മെഡിക്കൽ മിഷൻ സന്യാസ സമൂഹത്തിന്റെ ദൗത്യമായ ആതുര ശുശ്രൂഷാമേഖലയിൽ തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിനായി, സിസ്റ്റർ റാണി തന്റെ പുതിയ പഠനമേഖലകൾ തെരഞ്ഞെടുത്തു. പട്ന കുർജി ഹോളി ഫാമിലി ഹോസ്പിറ്റലിൽനിന്ന് ജനറൽ നേഴ്സിംഗും ഹോളി ഫാമിലി ഹോസ്പിറ്റൽ റാവൽപിണ്ഡിയിൽനിന്ന് മിഡ്വൈഫറി കോഴ്സും, ഡൽഹി കോളേജ് ഓഫ് നേഴ്സിംഗിൽനിന്ന് സിസ്റ്റർ ട്യൂട്ടേഴ്സ് കോഴ്സും പൂർത്തിയാക്കി. സി.എം.സി. ഹോസ്പിറ്റൽ, വെല്ലൂരിൽനിന്ന് ബി.എസ്.സിയും കൗൺസലിംഗിലും പ്രാവീണ്യം നേടുകയും ചെയ്തു. തന്റെ ആതുരശുശ്രൂഷയ്ക്ക് തുടക്കം കുറിച്ചത് ഐ.എച്ച്.എം. ഹോസ്പിറ്റൽ, ഭരണങ്ങാനത്താണ്. പിന്നീട് ഹോളി ഫാമിലി ഹോസ്പിറ്റൽ റാവൽപിണ്ടിയിലും ആഫ്രിക്കയിലും ജോലി ചെയ്തു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുന്ന മെഡിക്കൽ മിഷൻ സന്യാസ സമൂഹം തങ്ങളുടെ പ്രവർത്തനമേഖല, സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പുറംതള്ളപ്പെട്ടവരിലേയ്ക്ക് വ്യാപിപ്പിച്ചപ്പോൾ അതിനെ ഹൃദയത്തിൽ ഏറ്റുവാങ്ങിയവരിൽ ഒരാളാണ് സിസ്റ്റർ റാണി ജോസഫ്. സാമൂഹ്യ പ്രവർത്തനങ്ങളിൽ താൻ നേടിയിരുന്ന പാടവം തെളിയിച്ചുകൊണ്ടാണ് റാണിയമ്മ മാമ്പള്ളി, പടപ്പക്കര, ഇത്തിത്താനം, ഈരാറ്റുപേട്ട, കോട്ടയം, പി.ഒ.സി. എറണാകുളം എന്നിവിടങ്ങളിൽ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ഉന്നമനത്തിനായി ജീവിതം പകുത്തുനൽകിയത്.

തന്റെ കഴിവുകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ റാണിയമ്മ സദാ ഉത്സുകയായിരുന്നു. സി. ജോസഫും, സി. റോസമ്മ പുതുശ്ശേരിയും ചേർന്ന് രചിച്ച "വിവാഹസമ്മാനം" എന്ന പുസ്തകം, ചെറുതലമുറയോടുള്ള കടപ്പാട് വ്യക്തമാക്കുന്നതാണ്. സിസ്റ്റർ റാണിയുടെ ശുശ്രൂഷാമേഖലകളെല്ലാം ദൈവമഹത്വം വിളിച്ചോതുന്നതായിരുന്നു. തന്നാൽ ആകുന്ന കാലത്ത്, ഓരോ മെഡിക്കൽ മിഷൻ സിസ്റ്ററിനെയും തേടിയെത്തിയിരുന്ന കരുതലിന്റെയും സ്നേഹത്തിന്റെയും കൈയൊപ്പായിരുന്നു. അദ്ധ്യാപനത്തിൽ റാണിയമ്മയ്ക്കുണ്ടായിരുന്ന, ജന്മസിദ്ധമായ പ്രാവീണ്യം എടുത്തു പറയേണ്ട ഒന്നാണ്. വർഷങ്ങൾക്കു ശേഷവും തന്റെ ശിഷ്യഗണങ്ങൾ ഉപഹാരങ്ങളുമായി റാണിയമ്മയെ സന്ദർശിക്കുവാൻ എത്തുന്നത് മറ്റുള്ളവർക്ക് വളരെ പ്രചോദനം നല്കുന്നതാണ്. ആരോഗ്യ പരിമിതികൾ ഉണ്ടായിരുന്നിട്ടും, മെഡിക്കൽ മിഷൻ സഭയിലും, ലോകത്തിലും നടക്കുന്ന വർത്തമാനകാല യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുവാൻ റാണിയമ്മ ശ്രദ്ധിച്ചിരുന്നു. അതിനായി നിരന്തരമായ വായനയും, മറ്റുള്ളവരുമായി ആശയവിനിമയം നടത്തുകയും ചെയ്യുക പതിവായിരുന്നു. ശ്വാസകോശസംബന്ധമായ രോഗംമൂലം, അതിയായ വേദനയിലൂടെയും സഹനത്തിലൂടെയും സുബോധത്തോടെ കടന്നുപോയ റാണിയമ്മയ്ക്ക് ഈശോയുമായി വ്യക്തിപരമായ ഒരു ആത്മീയ ഐക്യം ഉണ്ടായിരുന്നു.

ജൂലൈ 7 ശനിയാഴ്ച കോട്ടയത്തുള്ള സായൂജ്യമഠത്തിൽ രാത്രി 10 മണിക്ക് സിസ്റ്റർ റാണി നമ്മെ വിട്ടു സ്വർഗീയ സമ്മാനത്തിനായി യാത്രയായി. ജൂലൈ 9 തിങ്കളാഴ്ച രാവിലെ താൻ ദീർഘകാലം ജോലിചെയ്ത ഭരണങ്ങാനം മേരിഗിരി ആശുപത്രി ചാപ്പലിലെ  വിശുദ്ധ കുർബാനയ്ക്കുശേഷം ചങ്ങനാശ്ശേരി ഇത്തിത്താനത്തുള്ള ആയുഷ്യയിൽ കൊണ്ടുവരികയും ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ഫാദർ ജോസ് പി. കൊട്ടാരത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തിയ ശുശ്രൂഷകൾക്കുശേഷം ആയുഷ്യമഠം സിമിത്തേരിയിൽ സംസ്കാരം നടത്തുകയും ചെയ്തു.



## സി. അസംപ്റ്റ പാലക്കാട്ടുകുന്നേൽ എസ്.എച്ച്.

പാലാ രൂപതയിൽ അറക്കുളം പുത്തൻപള്ളി ഇടവക പാലക്കാട്ടുകുന്നേൽ പാപ്പച്ചൻ മറിയാമ്മ ദമ്പതികളുടെ 5 മക്കളിൽ 2-ാമത്തെ പുത്രിയായി 6-02-1951 ൽ ജനിച്ച് മാമ്മോദീസായിൽ ഏലി എന്ന നാമം സ്വീകരിച്ച് ലീലാമ്മ എന്ന ഓമനപ്പേരിൽ വളർന്നു. എസ്.എസ്.എൽ.സി. പാസായതിനുശേഷം തിരുഹൃദയസന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. 10-04-1969 ൽ ആദ്യവ്രതവും 15-04-1974 ൽ നിത്യവ്രതവും അനുഷ്ഠിച്ച് സി. അസംപ്റ്റ എന്ന സന്യാസനാമം സ്വീകരിച്ചു.

ടി.ടി.സി. പഠനത്തിനുശേഷം മൂലമറ്റം  സെന്റ് ജോർജ് യു.പി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് മേലുകാവ്, വെള്ളിലാപ്പിള്ളി, പറത്താനം എന്നിവിടങ്ങളിലെ സ്കൂളുകളിൽ അധ്യാപികയായും പയസ്മൗണ്ട്, വെള്ളിലിപ്പിള്ളി, വെള്ളിയാമറ്റം എന്നീ യു.പി. സ്കൂളുകളിൽ പ്രധാന അധ്യാപികയായും സേവനമനുഷ്ഠിച്ചു.

കുട്ടികൾക്കും സഹപ്രവർത്തകർക്കും കൂടെ വസിച്ചവർക്കും സ്നേഹത്തിന്റെ വളർത്തലിന്റെ പങ്കുവയ്ക്കലിന്റെ നല്ല ഓർമ്മകൾ സമ്മാനിച്ച ഒരു നല്ല സുഹൃത്തായിരുന്നു സി. അസംപ്റ്റ. ഉത്തരവാദിത്വബോധവും ആത്മാർത്ഥതയും കൈമുതലാക്കിയ സിസ്റ്ററിന്റെ കർമ്മവീഥികളെ തേജസ്സുറ്റതാക്കിയത് ദൈവാശ്രയബോധവും നിശ്ചയദാർഢ്യവുമായിരുന്നു. പറയേണ്ടകാര്യങ്ങൾ പറയാനും എടുത്ത തീരുമാനങ്ങൾ ഏത് പ്രതിസന്ധികളെയും തരണം ചെയ്ത് പ്രാവർത്തികമാക്കാനും ദിവ്യകാരുണ്യസന്നിധിയിൽനിന്ന് ശക്തി സ്വീകരിച്ചിരുന്ന സിസ്റ്ററിന് കഴിഞ്ഞിരുന്നു.

2006 ൽ വെള്ളിയാമറ്റം  സ്കൂളിൽനിന്ന് ഔദ്യോഗിക സർവ്വീസിൽനിന്ന് വിരമിച്ചതിനുശേഷവും ഏഴാച്ചേരി, ചേറ്റുതോട് മഠങ്ങളുടെ സുപ്പീരിയറായും  പൂവത്തോട് മഠത്തിൽ മെസ് മാനേജരായും  സേവനമനുഷ്ഠിച്ചു. പിന്നീട്  പറത്താനം മഠാംഗമായിരിക്കെ സി. അസംപ്റ്റായിൽ ലിവർ സിറോസിസിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഇടയ്ക്കിടെ രോഗത്തിന്റെ അസ്വസ്ഥതകൾ അലട്ടിക്കൊണ്ടിരുന്നതിനാൽ 2017-ൽ കൂടുതൽ സൗകര്യാർത്ഥം അറക്കുളം മഠത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടു. തന്റെ രോഗത്തിന്റെ വേദനകൾക്കിടയിലും മറ്റുള്ളവരുടെ ആവശ്യ

ങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നതിൽ ഏറെ ശ്രദ്ധ പുലർത്തിയിരുന്നു. രോഗം വർദ്ധിച്ചതിൽ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. അല്പം ആശ്വാസം ലഭിച്ചതിനെ തുടർന്ന് റൂമിലേക്ക് കൊണ്ടുവന്ന അസംപ്റ്റാമ്മയ്ക്ക് 30-ാം തീയതി രാവിലെ 7 മണിക്ക് പെട്ടെന്ന് രോഗം വർദ്ധിച്ചതിനാൽ ഉടൻതന്നെ ഐസിയുവിലേയ്ക്ക് മാറ്റി. ആരോഗ്യനില മോശമായതിനാൽ അന്ത്യകൂദാശ നൽകി. സമൂഹാംഗങ്ങ ളുടെയും ബന്ധുജനങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ ഉച്ചയ്ക്ക് 2.45ന് സി. അസം പ്റ്റായുടെ പാവനാത്മാവ് സ്വർഗീയവസതിയിലേക്ക് പറന്നുയർന്നു.

മൃതദേഹം 5 മണിയോടെ മൂലമറ്റം മഠം ചാപ്പലിൽ കൊണ്ടുവന്നു. ബന്ധ ത്തിലും പരിചയത്തിലുംപെട്ട ധാരാളം വൈദികർ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാര ദിനമായ ജൂലൈ 1-ാം തീയതി ഉച്ചയ്ക്ക് 12.30 ന് പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മഠത്തി ലെത്തി അസംപ്റ്റാമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും രൂപതയുടെ നാമത്തിൽ അനുശോചനമറിയിക്കുകയും ചെയ്തു. മൃതസംസ്കാരശുശ്രൂഷകൾ ഉച്ചയ്ക്ക് 1.30 ന് സമൂഹബലിയോടെ മൂലമറ്റം മഠം ചാപ്പലിൽ ആരംഭിച്ചു. ദിവ്യബലിമദ്ധ്യേ പറത്താനം സീവ്യൂ എസ്റ്റേറ്റ് മാനേജർ റവ.ഫാ. സെബാസ്റ്റ്യൻ എട്ടുപറ ചരമപ്ര സംഗം നടത്തി. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജന റാൾ പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മൂലമറ്റം സെന്റ് ജോർജ് ഫൊറോനപ്പള്ളി സെമിത്തേരിയിൽ സംസ്ക രിച്ചു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



## JULY 2018

| | | |
|---|---|---|
| 01 | 09.30 am | ലൂർദ് മൗണ്ട് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| 02 | 11.00 am | നീലൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 03.00 pm | സെന്റ് തോമസ് പ്രസിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വെഞ്ചരിപ്പുകർമ്മം നടത്തി. |
| 03 | 09.30 am | ളാലം പുത്തൻപള്ളിയിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു. |
| | 10.00 am | പാലാ സെന്റ് തോമസ് കത്തീഡ്രലിൽ ദുക്റാനതിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 03.00 pm | അരുവിത്തുറ പാരീഷ് ഹാളിൽ ഡി.എസ്.ടിയുടെ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 04 | 03.00 pm | ബംഗലുരുവിന് യാത്രയായി. |
| 05 | | ബംഗലുരു NBCLC യിൽ വച്ചു നടന്ന CBCI ഡോക്ട്രിനൽ കമ്മീഷന്റെ തിയോളജിക്കൽ സെമിനാറിൽ സംബന്ധിച്ചു. |
| 06 | 02.00 pm | ഇടമറ്റം ഇടവകയിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വോളണ്ടിയേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 07 | 11.00 am | നരിയങ്ങാനം ഇടവക ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 08-12 | | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്ന വൈദികരുടെ ഒന്നാം ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു. |
| 09 | 02.00 pm | രാമപുരം ഇടവകയിൽ മേഘാലയ മുൻഗവർണറും, കേന്ദ്ര |

മന്ത്രിയുമായിരുന്ന ശ്രീ. എം.എം. ജേക്കബിന്റെ മൃതസം സ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

13 10-12.30 pm അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

04.00 pm കാക്കനാട് രാജഗിരി ഹോസ്പിറ്റലിൽ ചികിത്സയിൽ കഴി യുന്ന ബഹു. കട്ടയ്ക്കൽ ജയിംസ് അച്ചനെ സന്ദർശിച്ചു.

14 07.30 am ചേർപ്പുങ്കൽ സി.എം.സി. കോൺവെന്റിന്റെ ജൂബിലിയാ ഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

15-19 പാലാ രൂപത വൈദികരുടെ രണ്ടാം ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

15 12.00 noon പാലാ ളാലം പുത്തൻപള്ളി ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി.

19 10.45 am ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിനു കൊടിയേറ്റുകർമ്മം നടത്തി.

20 10-12.30 noon അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

21 10.00 am അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പാസ്റ്റ റൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

22 09.00 am ഇടാട് ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

02.00 pm ചെമ്പിളാവ് ഇടവകയിൽ നെടുംപുറം ഭവനത്തിൽ പരേ തന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു.

05.30 pm പാലാ മൗണ്ട് കാർമ്മൽ ആശ്രമത്തിൽ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

23 08.15 am അരമനയിൽ കൂരിയായിൽ സംബന്ധിച്ചു.

04.00 pm ഇൻഡ്യയുടെ വത്തിക്കാൻ സ്വിറ്റ്സർലെന്റ് അംബാസി ഡറായി നിയമിതനായ ശ്രീ. സിബി ജോർജ് പൊടിമറ്റ ത്തിനെ അരമനയിൽ സ്വീകരിച്ചു.

24 10-12.30 pm അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

25 10.00 am ആലപ്പുഴ, കുട്ടനാട് പ്രദേശങ്ങളിൽ മഴക്കെടുതിമൂലം ദുരി തമനുഭവിക്കുന്നവരെ സന്ദർശിക്കുകയും അവർക്ക് പാലാ രൂപതയിൽനിന്നും സംഭരിച്ച ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുകയും ചെയ്തു.

26 06.00 pm നമ്പ്യാകുളം ഇടവകയിൽ കുഴുപ്പള്ളിൽ ഭവനത്തിൽ പരേ തന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

| | | |
|---|---|---|
| 27 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 28 | 10.00 am | അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം ഇടവക ദൈവാലയത്തിൽ റാസ കുർബാനയർപ്പിച്ചു. |
| | 05.00 pm | കുരുവിനാൽ ഇടവക പണിയാൻ പോകുന്ന പുതിയ പാരിഷ് ഹാളിന്റെ ശിലാസ്ഥാപനം നടത്തി. |
| 29 | 07.00 am | ഇലപ്പള്ളി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | കുരുവിനാൽ ഇടവകയിൽ ബഹു. ജോസഫ് മണ്ണനാൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 30 | 02.30 pm | അരമനയിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | കാഞ്ഞിരപ്പള്ളി അമൽ ജ്യോതിയിൽ നടന്ന റിജീയണൽ ബിഷപ്പ്സ് റിട്രീറ്റിൽ സംബന്ധിച്ചു. |
| 31 | | കാഞ്ഞിരപ്പള്ളിയിൽ റീജിയണൽ ബിഷപ്പ്സ് റിട്രീറ്റിൽ സംബന്ധിച്ചു. |

# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്



## JULY 2018

| | | |
|---|---|---|
| 01 | | ജിയോവാലി ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 02 | 10.30 am | മാനത്തൂർ ഹൈസ്കൂളിൽ മെറിറ്റ് ഡേ ആഘോഷത്തിൽ പങ്കെടുത്തു. |
| | 12.30 pm | ചങ്ങനാശ്ശേരി ബിഷപ്പ്സ് ഹൗസ് സന്ദർശിച്ചു. |
| | 03.00 pm | സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് പ്രസിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ പങ്കെടുത്തു. |
| 03 | 11.00 am | പാലയ്ക്കാട്ടുമല എസ്.എം.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. |
| | 02.30 pm | മറ്റത്തിപ്പാറ ഇടവകയിൽ വാ. കുഞ്ഞച്ചൻ സാന്തോം വില്ലേജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 04 | 11.00 am | നീലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 06.30 pm | ഡി.എസ്.ടി. ജനറലേറ്റിൽ പ്ലീനറി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. |
| 05 | 10.30 am | അരുണാപുരം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 06 | 10.00 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കെ.സി.എസ്.എൽ.ന്റെ പ്രവർത്തനവർഷോദ്ഘാടനം നിർവഹിച്ചു. |
| 07 | 11.00 am | കാവുംകണ്ടം ഇടവകയിൽ ഒരു ആശീർവാദകർമ്മം നടത്തി. |
| | 03.00 pm | കൂടല്ലൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച എസ്.എ.ബി.എസ്. കോൺവെന്റിന്റെ ആശീർവാദകർമ്മം നടത്തി. |
| 08-12 | 10.00 am | ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 13 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 09.30 am | മുത്തോലിയിൽ ബ്രില്ല്യന്റ് സ്റ്റഡി സെന്ററിൽ അവാർഡ് ദാനചടങ്ങിൽ പങ്കെടുത്തു. |

| | | |
|---|---|---|
| | 11.00 am | കിഴതടിയൂർ പള്ളിയിൽ ഒരു ആശീർവ്വാദകർമ്മം നടത്തി. |
| | 03.00 pm | തുടങ്ങനാട് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. |
| 15-18 | | ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 19 | 11.00 am | ഭരണങ്ങാനത്ത് തിരുനാളിന്റെ കൊടിയേറ്റ് കർമ്മത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 03.30 pm | ജർമ്മനിയിലെ കൊളോൺ അതിരൂപതാദ്ധ്യക്ഷനായ കർദ്ദിനാൾ റെയ്നർ വോൾക്കിക്കിന് ഭരണങ്ങാനത്തും തുടർന്ന് അരമനയിലും സ്വീകരണം നൽകി. |
| 20 | 10.00 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 07.00 am | പറത്താനത്ത് തകിടിയേൽ ഭവനത്തിൽ പരേതയുടെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 21 | 10.00 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിൽ സംബന്ധിച്ചു. |
| 22 | 03.00 pm | ഭരണങ്ങാനത്ത് സന്യസ്ത യുവജനസംഗമത്തിൽ സന്ദേശം നൽകി. |
| 23 | 02.30 pm | കൊണ്ടാട് ഇടവകയിൽ എം.എം. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| 27 | 09.00 am | നമ്പ്യാകുളം ഇടവകയിൽ കുഴിപ്പള്ളിൽ ഭവനത്തിൽ പരേതന്റെ ആത്മശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29 | 06.15 am | സെന്റ് മർത്താസ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | കുരുവിനാൽ ഇടവകയിൽ ബഹു. ജോസഫ് മണ്ണനാൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | പുത്തൻപള്ളി ഇടവകയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 06.15 am | സെന്റ് അപ്രേം സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. |
| | 02.30 pm | എ.ഡി.സി.പി. യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | | കാഞ്ഞിരപ്പള്ളിയിൽ നടന്ന റീജിയണൽ ബിഷപ്പ്സ് റിട്രീറ്റിൽ സംബന്ധിച്ചു. |



# Bishop's Engagements
## Mar Joseph Kallarangatt
### AUGUST 2018

| | | | |
|---|---|---|---|
| 01 | 08.15 am | Wed | Bishop's House : Curia |
| 02 | | Thu | Engaged |
| 03 | 10-12.30 pm | Fri | Visiting Time |
| 04 | 11.00 am | Sat | Kayyoor : Meeting |
| | 05.00 pm | | Moozhoor : Blessing of Presbytery |
| 05 | 08.15 am | Sun | Ayyampara : Holy Qurbana |
| 06 | 03.00 pm | Mon | Bishop's House : Industrial Estate Governing Body |
| 7-11 | | | KCBC Retreat |
| 12 | 07.00 am | Sun | Periyappuram : Holy Qurbana |
| 13 | | Mon | Bharananganam : Inter Eparchial Meeting |
| 14 | 10-12.30 pm | Tue | Visiting Time |
| | 03.00 pm | | Karoor Industrial Estate : Governing Body Meeting |
| 15 | 10.00 am | Wed | Vadakara : Holy Qurbana |
| 16 | | Thu | Engaged |
| 17 | 10-12.30 pm | Thu | Visiting Time |
| | 03.00 pm | | Bishop's House : Meeting |
| 18 | 08.00 am | Sat | Mattathipara : Blessing of Kodimaram |

| | | | |
|---|---|---|---|
| | 12.00 noon | | Nambiakulam : Jubilee Meeting |
| | 04.30 pm | | Santhigiri : Pastoral Visit |
| 19 | | Sun | Santhigiri : Pastoral Visit |
| 20-Sep 1 | | | Kakkanad : Syro Malabar Bishop's Synod |
| | | | **SEPTEMBER** |
| 02 | | Sun | Kudayathoor : Holy Qurbana |
| 03 | | Mon | Engaged |
| 04 | 10.30 am | Tue | Bharananganam : Presbyteral Council |



# Auxiliary Bishop's Engagements

## Mar Jacob Muricken

### AUGUST 2018

| | | | |
|---|---|---|---|
| 01 | 02.00 pm | Wed | Kottayam : DCMS Meeting |
| 02 | | Thu | Engaged |
| 03 | 10-12.30 pm | Fri | Visiting Time |
| | 03.00 pm | | Chenkal : Holy Qurbana |
| 04 | 6.15 am | Sat | Cherpunkal CMC Convent : Holy Qurbana |
| | 11.30 am | | St. Thomas College : Meeting |
| 05 | 04.00 pm | Sun | Kanjirathanam : Holy Qurbana |
| 06 | 03.00 pm | Mon | Industrial Estate : Meeting |
| 07-11 | | | KCBC Retreat |
| 12 | | Sun | Engaged |
| 13 | 10.00 am | Mon | Bharananganam:Inter Eparchial Meeting |
| 14 | 10-12.30 pm | Tue | Visiting Time |
| | 02.30 pm | | Chemmalamattom School : Blessing |
| 15 | 3.30 pm | Wed | Changanassery : Holy Qurbana |
| 16 | | Thu | Engaged |
| 17 | 10-12.30 pm | Fri | Visiting Time |
| | 03.00 pm | | Bishop's House : Bibile Convention Meeting |
| 18 | 10-12.30 pm | Fri | Visiting Time |
| | 03.00 pm | | Thripunithura : Meeting |

| | | | |
|---|---|---|---|
| 19 | | Sun | Kanjirathanam : Pastoral Visit |
| 20-Sep.1 | | | Kakkanad: Syro-Malabar Bishop's Synod |
| | | **SEPTEMBER** | |
| 02 | | Sun | Vakakadu : Pastoral Visit |
| 03 | 05.00 pm | Mon | Kottayam: Holy Qurbana |
| 04 | 10.30 am | Tue | Bharananganam : Presbyteral Council |
| | 03.30 pm | | Pattumala : Holy Qurbana |
| 05 | 06.15 am | Wed | Pastoral Institute : Holy Mass |
| 06 | 05.00 pm | Thu | Kuravilangadu : Holy Mass |
| 07 | 10-12.30 pm | Fri | Visiting time |
| | 04.00 pm | | Mankulam : Holy Qurbana |